സതേൺ വോയ്സ്



# മനുഷ്യൻ

## ദൈവസൃഷ്ടിയുടെ മകുടം

പുസ്തകം1 ലക്കം 6 ജൂൺ 2024

**ചീഫ് എഡിറ്റർ**
ഗോഡ്സൻ കുട്ടമല
**മാനേജിംഗ് എഡിറ്റർ**
ഷൈൻ ദാസ് കണ്ടംതിട്ട

**എഡിറ്റോറിയൽ ബോർഡ്**
സത്യരാജ് തിരുമല
ജോളി കോവിലൂർ
തങ്കച്ചൻ മാത്യു, മാമ്മൂട്

**അസോസിയേറ്റ് എഡിറ്റർ**
ജോഷ് മണലയം

**അഡ്വൈസറി ബോർഡ് മെമ്പേഴ്സ്**
എസ്.ജി.ഗിൽബർട്ട് ആറാമട
ശിംശോൻ ജോസഫ് കാട്ടാക്കട
റ്റി.എ. തോമസ് ഇലന്തൂർ
ജീ. ധർമ്മദാസ് കാരക്കോണം
സുന്ദരദാസ് മരത്തകിടി

**കവർ ഡിസൈനിംഗ്**
ബിനു കട്ടളപ്പാറയിൽ

**ടൈപ്പ് സെറ്റിംഗ്**
സവിതമോൾ

**അടുത്ത ലക്കം**
**വിഷയം: പാപം: ഒരു ദൈവ ശാസ്ത്ര വിശകലനം**
**ലേഖനങ്ങൾ ടൈപ്പ് ചെയ്ത് മെയ് 25 മുമ്പായി അയക്കുക**


send articles to
9995927502
email:
southernvoice2023@gmail.com

# താളുകൾ മറിക്കുമ്പോൾ

എഡിറ്റോറിയൽ
മനുഷ്യന്റെ പ്രതീക്ഷകൾക്കപ്പുറം — ഗോഡ്സൻ കുട്ടമല — 3
മനുഷ്യനും ഭാഷകളും — എസ്.ജി.ഗിൽബർട്ട് ആറാമട — 4
മനുഷ്യൻ എന്ന മഹാത്ഭുതം — സാം സക്കറിയ കൊട്ടാരക്കര — 6
മനുഷ്യന്റെ വ്യക്തിത്വം — വിജയദാസ് ചിറ്റിക്കോണം — 8
Phenomenon of death — Jaysingh mathoorkonam — 10
ആത്മാവുള്ള മനുഷ്യൻ — ജയേഷ് ചന്ദ്രൻ അമ്മന്നൂർക്കോണം — 14
ധ്യാനചിന്ത
എന്റെ ആത്മാവേ, നീ എന്തിനു വിഷാദിക്കുന്നു? — ഡോ.മാത്യു വർഗ്ഗീസ് നാഗ്പൂർ — 16
ശാസ്ത്രലോകം
ബൈബിളിലെ ശാസ്ത്രീയ കൃത്യത — 17
മനുഷ്യൻ: യുക്തിബോധവും വിശ്വാസവും — തങ്കച്ചൻ മാത്യു മാമ്മൂട് — 18
മനുഷ്യന്റെ ഉത്ഭവം — ബിനു ആർ.വി കട്ടളപ്പാറയിൽ — 20
ആരോഗ്യരംഗം
മനുഷ്യ ഹൃദയം — 23

എഡിറ്റോറിയൽ

# മനുഷ്യന്റെ പ്രതീക്ഷകൾക്കപ്പുറം



ഗോഡ്സൻ
കുട്ടമല

ദൈവീക സൃഷ്ടിയിൽ ഏറ്റവും ശ്രേഷ്ഠനാണ് മനുഷ്യൻ. നടക്കുന്നതും നടക്കാത്തതുമായ പലകാര്യങ്ങളും മനുഷ്യൻ പ്രതീക്ഷയോടെ കാത്തിരിക്കുന്നു എന്നത് അവന് മാത്രമുള്ള കഴിവാണ്. ലോകത്തിലെ പല മനുഷ്യരും ജീവിതം അവസാനിപ്പിക്കാതെ ജീവിതം മുൻപോട്ട് നയിക്കുന്നതിനുകാരണം നാളെയെക്കുറിച്ചൊരു നല്ല പ്രതീക്ഷയുള്ളതു കൊണ്ടാണ് എന്ന് ഒരു അമേരിക്കൻ സർവ്വേ വിലയിരുത്തുന്നു.

നാം പ്രതീക്ഷയോടെ കാത്തിരിക്കുന്ന പലതും അതേപടി നടക്കണം എന്നില്ല. എന്നാൽ ചില കാര്യങ്ങളൊക്കെ നടക്കാനും സാദ്ധ്യതയുണ്ട്. ഉദാഹരണത്തിന് ഇക്കഴിഞ്ഞ ഇലക്ഷന്റെ ഫലം വന്നപ്പോൾ പ്രതീക്ഷിച്ച പലരും ജയിച്ചുകാണില്ല. പ്രതീക്ഷകൾ എപ്പോഴും അങ്ങനെയാണ്. അത് എല്ലായ്പ്പോഴും 100% ഉറപ്പ് നൽകുന്നില്ല. കടഭാരത്താൽ കഴിയുന്ന മനുഷ്യൻ തന്റെ കടഭാരം എത്രയും വേഗം മാറുമെന്ന് പ്രതീക്ഷിച്ച് ഓരോ ദിവസവും തള്ളിനീക്കുന്നു. എന്നാൽ വളരെ മൂല്യഗുണങ്ങളുള്ള മനുഷ്യന്റെ ജീവിതം പ്രതീക്ഷയെന്ന തുലാസിൽ തൂക്കിനിർത്തേണ്ടതാണോ? അതിനെക്കാൾ മുകളിൽ വല്ലതുമുണ്ടോ?



പ്രതീക്ഷകൾ ഒരുപക്ഷേ വലുതാകാം ചെറുതാകാം. നല്ലതാകാം, മോശമാകാം. കാരണമുള്ളതാകാം ഇല്ലാത്തതാകാം. എന്നാൽ ബൈബിൾ പറയുന്ന പ്രതീക്ഷ ഇതിനെക്കാൾ വലുതാണ്. റോമ.8:18-20 വരെയുള്ള വാക്യങ്ങളിൽ മനുഷ്യനു വേണ്ടതായ ഏറ്റവും വലിയ പ്രതീക്ഷയെക്കുറിച്ച് പറയുന്നതിങ്ങനെയാണ്, "നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു." സൃഷ്ടി ദൈവപുത്രൻമാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു. സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽ വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള ആശയോടെ മായയ്ക്ക് കീഴ്പ്പെട്ടിരിക്കുന്നു. ഈ പ്രതീക്ഷ മനുഷ്യനിൽ വിശുദ്ധനായി ജീവിക്കുവാനുള്ള ത്വര കൂട്ടുന്നു. നാം ഇങ്ങനെയൊന്നും ജീവിച്ചാൽ പോരായെന്നും ദൈവഭക്തരായ് ജീവിക്കണം എന്ന ചിന്ത സാദ്ധ്യമാകുകയും ചെയ്യുന്നു. മാത്രവുമല്ല മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ചിന്തയും ഈ പ്രതീക്ഷയിലൂടെ സാദ്ധ്യമാകുന്നു. എബ്രാ.10:27ൽ പറയുന്നതുപോലെ "ന്യായവിധിയ്ക്കായി ഭയങ്കരമായൊരു പ്രതീക്ഷ" ദൈവത്തെ അവഗണിക്കുന്നവർക്ക് ഉണ്ടാകേണ്ട പ്രതീക്ഷയെക്കുറിച്ചാണ് എബ്രായലേഖനകാരൻ പറയുന്നത്. ദൈവത്തെ ആദരിക്കാതെ ധിക്കരിച്ച മനുഷ്യവർഗ്ഗത്തെ ഒരു ദിവസം ന്യായവിധിക്കും എന്നത് നടക്കാൻ സാധ്യതയില്ലാത്ത ഒരു പ്രതീക്ഷയില്ല. മറിച്ച് അതിവിദൂര ഭാവിയിൽ നടക്കാൻ പോകുന്ന ഒരു യാഥാർത്ഥ്യം ആണ്.

ആയതിനാൽ മനുഷ്യന്റെ ആരംഭത്തെക്കുറിച്ചും ലോകമനുഷ്യൻ നല്കുന്ന ഊഹാപോഹ കഥകളിൽ പ്രത്യാശയും പ്രതീക്ഷയും അർപ്പിച്ച് ജീവിതം കളയാതെ ബൈബിൾ മനുഷ്യനെക്കുറിച്ച് പറയുന്ന ആശയവും അവതരണവും ഉൾക്കൊണ്ട് ആ നിർമ്മലമായ സത്യത്തിൽ പ്രതീക്ഷയർപ്പിച്ച് അനുഗ്രഹീതമായ ക്രിസ്തീയ ജീവിതം പടുത്തുയർത്തുവാൻ അനുവാചകരെ ദൈവം സഹായിക്കട്ടെ.

sV

# മനുഷ്യനും ഭാഷകളും



എസ്.ജി.ഗിൽബർട്ട്
ആറാമട

പരസ്പരം ആശയ വിനിമയം നടത്തുന്ന മാദ്ധ്യമമാണ് ഭാഷ. ഭാഷകൾ കൈകാര്യം ചെയ്യുന്ന ജീവിയാണ് മനുഷ്യൻ. മനുഷ്യരുടെ ഭാഷകൾ പോലെ വികസനം പ്രാപിച്ച വേറെ ഭാഷകൾ ഉണ്ടെന്നു തോന്നുന്നില്ല. ഭാഷകൾ പലവിധം. ആംഗ്യഭാഷ, ശരീരഭാഷ, സംസാരഭാഷ, ചിത്രലിപിയിലുള്ള ഭാഷ, എഴുത്തുഭാഷ തുടങ്ങിയവയാണ്.

ഭാഷ സംസാരിക്കുന്നത് മനുഷ്യൻ മാത്രമാണ് എന്ന് പറയുവാൻ കഴികയില്ല. പക്ഷികൾ, മൃഗങ്ങൾ, ഇഴജന്തുക്കൾ, മത്സ്യങ്ങൾ തുടങ്ങി എല്ലാ ജീവജാലങ്ങളും അതതിന്റേതായ നിലയിൽ ആശയവിനിമയം നടത്തുന്നുണ്ട്. ഒരുപക്ഷേ സസ്യങ്ങളും ആശയവിനിമയം നടത്തുന്നുണ്ടാകാം. മനുഷ്യനും ഭാഷകളും എന്നതാണ് നമ്മുടെ വിഷയം.



## 1. ആദിമ ഭാഷ എങ്ങനെ ഉണ്ടായി?

ഇന്ന് ഭൂമിയിൽ ചെറുതും വലുതുമായി ആറായിരത്തിൽ അധികം ഭാഷകൾ ഉണ്ട്. ആദിമ ഭാഷ എങ്ങനെ ഉണ്ടായി എന്ന് പറവാൻ ഭാഷാശാസ്ത്രജ്ഞൻമാർക്ക് കഴികയില്ല. പ്രമുഖരായ ഭാഷാശാസ്ത്രജ്ഞൻമാർ എല്ലാവരും സമ്മതിക്കുന്നത് ഏതോ ഒരു ഭാഷയിൽ നിന്നാണ് ഇന്നു കാണുന്ന സകല ഭാഷകളും ഉണ്ടായത്. അങ്ങനെയെങ്കിൽ ആ ആദിമ ഭാഷ മനുഷ്യന് എങ്ങനെ ഉണ്ടാക്കാൻ സാധിച്ചു. ഇങ്ങനെ അനവധി ചോദ്യങ്ങൾ നമ്മുടെ മുമ്പിൽ വരും.

ഈ വിഷയങ്ങൾക്കെല്ലാം ഉത്തരം നൽകുന്നത് വിശുദ്ധ തിരുവെഴുത്താണ്. ആദ്യഭാഷ മനുഷ്യനു സംസാരിക്കാനുള്ള കഴിവ് ദൈവം നേരിട്ട് കൊടുത്തതാണ്. നാം ചെറുപ്പത്തിൽ നമ്മുടെ മാതൃഭാഷ പഠിച്ചത് എങ്ങനെ? അമ്മയിൽനിന്നും അപ്പനിൽനിന്നും പഠിച്ചു. ലൂക്കോസ് വംശാവലി പറഞ്ഞു വരുമ്പോൾ ആദാം ദൈവത്തിന്റെ മകൻ എന്നു പറഞ്ഞിരിക്കുന്നു. എല്ലാ

ദിവസവും വെയിൽ ആറുമ്പോൾ തോട്ടത്തിൽ എത്തുന്ന ദൈവത്തിൽനിന്നും നേരിട്ടു പഠിച്ച ഭാഷയാണ് ആദാമും ഹവ്വയും സംസാരിച്ചിരുന്നത്. അത് ഏതു ഭാഷയാണ് എന്ന് ഉല്പത്തി പുസ്തകത്തിൽ പറഞ്ഞിട്ടില്ല. ചുരുക്കത്തിൽ ആദിമ ഭാഷ സംസാരിക്കാനുള്ള കഴിവ് ദൈവം നേരിട്ട് നൽകിയതാണ്.

## 2. ഭാഷകൾ എങ്ങനെ ഉണ്ടായി?

ആദാമിന്റെ കാലം മുതൽ ബാബേലിൽ വച്ച് ഭാഷ കലക്കിക്കളയുന്നതുവരെ സകല മനുഷ്യരും ഒരേ ഭാഷതന്നെ സംസാരിച്ചിരുന്നു(ഉല്പ.11:1). ആദാം മുതൽ ആദ്യത്തെ ഏകദേശം 2000 വർഷംവരെ സകല മനുഷ്യരും ഏതോ ഒരു ഭാഷ മാത്രമാണ് സംസാരിച്ചിരുന്നത്.

ബാബേലിൽവച്ച് ദൈവം മനുഷ്യന്റെ ഭാഷ കലക്കി. അതോടുകൂടി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് മനുഷ്യരെ ചിതറിച്ചു. അതോടുകൂടി ആയിരക്കണക്കിനു ഭാഷകൾ സംസാരിക്കുന്ന മനുഷ്യരായി മാറി. ഇന്ന് ലോകത്തിൽ ചെറുതും വലുതുമായി ആറായിരത്തിൽ അധികം ഭാഷകൾ ഉണ്ട്. അതിൽ എല്ലാറ്റിലും ലിപികൾ ഉണ്ടാകണമെന്നില്ല.

## 3. ഭാഷയുടെ പിരിവ്

ബാബേലിൽവച്ച് ദൈവം ഭാഷ കലക്കിയതോടെ അനേകം ഭാഷകൾ ഉണ്ടായി. അതിനെ തുടർന്ന് പിന്നെയും ഉൾപിരിവുകളായി പുതിയ പല ഭാഷകളും ഉണ്ടായി. ഒരു ഉദാഹരണം പരിശോധിക്കാം. പുരാതനകാലത്ത് മലയാളം എന്നൊരു ഭാഷ ഉണ്ടായിരുന്നില്ല. തമിഴിൽനിന്നും മാറിവന്ന ഒരു ഭാഷയാണ് മലയാളം. എഡി.8ാം നൂറ്റാണ്ടിനു ശേഷം ക്രമേണ തമിഴിൽനിന്നും ഉരുത്തിരിഞ്ഞു വന്ന ഭാഷയാണ് മലയാളം എന്നാണ് ഭാഷാ ശാസ്ത്രജ്ഞൻമാർ അവകാശപ്പെടുന്നത്. ഇതുപോലെ ആദിമഭാഷകൾക്കു പിന്നാലെ അനേകം പുതിയ ഭാഷകൾ രൂപപ്പെട്ടുവന്നിട്ടുണ്ട്.

## 4.ഭാഷാവരത്തിന്റെ ആവശ്യം?

പെന്തെക്കോസ്തുനാളിൽ പുതിയനിയമസഭ രൂപംകൊണ്ടു. സുവിശേഷം എല്ലാ രാജ്യങ്ങളിലും വ്യാപിക്കുവാൻ ഭാഷ ഒരു വലിയ പ്രശ്നമായിരുന്നു. അതിനൊരു പരിഹാരമായും യഹൂദനു ഒരു അടയാളമായും ദൈവം ഭാഷാവരം ഒന്നാം നൂറ്റാണ്ടിൽ ചിലർക്ക് നൽകി. അത് സഭയുടെ അഭിവൃദ്ധിക്കും സുവിശേഷത്തിന്റെ വ്യാപനത്തിനും ആയിരുന്നു.

## 5. ആയിരമാണ്ടിലെഭാഷ

ആയിരമാണ്ടിൽ ഭൂമിയിൽ ഉള്ളവർ അതാതിടങ്ങളിൽ ഇന്ന് സംസാരിക്കുന്നതുപോലെ വ്യത്യസ്ഥ ഭാഷകളിൽ സംസാരിക്കും. ക്രിസ്തുവിന്റെ ഭരണത്തിൽ പങ്കാളിത്വം വഹിക്കുന്ന ദൈവമക്കൾക്ക് അന്ന് ഭരണത്തിൽ പങ്കാളിത്വം വഹിക്കാൻ സ്വർഗ്ഗത്തിലെ ദൂതൻമാരെപ്പോലെ ആരുടെ അടുക്കൽ പോകുന്നുവോ അവരുടെ ഭാഷയിൽ സംസാരിക്കാനുള്ള കഴിവ് ദൈവം നൽകിയിരിക്കും. അതുകൊണ്ട് ദൈവജനത്തിന് ഭാഷ ഒരു പ്രശ്നമല്ല.

## 6. സ്വർഗ്ഗത്തിൽ ഭാഷയുടെ ഏകീകരണം ഉണ്ടാകുമോ?

ലോകത്തിലെ സകല ഭാഷക്കാരിൽനിന്നും വംശക്കാരിൽനിന്നും ഗോത്രക്കാരിൽനിന്നുമാണ് ആളുകൾ സ്വർഗ്ഗത്തിൽ ചെല്ലുന്നത്. സ്വർഗ്ഗത്തിൽ ഓരോരുത്തൻ ഏതു ഭാഷയിലായിരിക്കും സംസാരിക്കുന്നത്. ഇത് വലിയൊരു ചോദ്യമാണ്.

സ്വർഗ്ഗത്തിൽ മനുഷ്യർ സംസാരിക്കുന്നത് സ്വർഗ്ഗീയ ഭാഷയാണോ മനുഷ്യന്റെ ഭാഷയാണോ എന്നു നമുക്കറിയില്ല. ഏതായാലും ചുവടെ പറയുന്ന **രണ്ടു രീതികളിൽ ഏതെങ്കിലും ഒന്നോ അല്ലെങ്കിൽ രണ്ടു രീതികളിലോ ആകാം.**

### a) സ്വർഗ്ഗീയഭാഷ

സ്വർഗ്ഗത്തിൽ ദൂതൻമാർ സംസാരിക്കുന്ന ഭാഷകൾ ഉണ്ട്. അവിടെ സംസാരിക്കുന്ന ഭാഷയാണ് പൗലോസ് മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടപ്പോൾ കേട്ടത്. (2കൊരി.12:24, വെളി.14:13, 1കൊരി.13:1). പുനരുത്ഥാന ശരീരം പ്രാപിക്കുന്ന നമുക്ക് സ്വർഗ്ഗീയഭാഷ കൈവശമാക്കാനുള്ള കഴിവ് ദൈവം തരും.

### b) നാം പഠിച്ചുവളർന്ന മാതൃഭാഷ മറ്റുള്ളവരോട് അവിടെ സംസാരിച്ചാൽ മതി.

അത് എല്ലാവർക്കും പരസ്പരം മനസ്സിലാക്കാൻ സാധിക്കും. ഒരു ഭാഷയിൽ നിന്നാണല്ലോ എല്ലാ ഭാഷകളും ഉണ്ടായത്. പുനരുത്ഥാന ശരീരം പ്രാപിക്കുമ്പോൾ ഭൂമിയിലുള്ള സകല ഭാഷകളും പരസ്പരം മനസ്സിലാക്കാനുള്ള കഴിവ് ദൈവം തന്നാൽ ഭാഷാ പ്രശ്നം പരിഹരിക്കപ്പെടും.

ഏതായാലും സ്വർഗ്ഗത്തിൽ ഒരു ഏകീകൃത ഭാഷ ഉണ്ടായാലും ഇല്ലെങ്കിലും ഭാഷ ഒരു പ്രശ്നമായി മാറുന്നില്ല. മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ ആർക്കും ആരുടെയും ഭാഷയിൽ സംസാരിക്കാൻ ഉള്ള കഴിവ് ലഭിച്ചാൽ പ്രശ്നം പരിഹരിക്കാമല്ലോ.

ഏതായാലും സർവ്വജ്ഞാനിയായ ദൈവം അതെല്ലാം ഭംഗിയായി കൈകാര്യം ചെയ്യും. യാതൊരു സംശയവുമില്ല. ദൈവനാമം വാഴ്ത്തപ്പെടുമാറാകട്ടെ.

sV

# മനുഷ്യൻ എന്ന മഹാത്ഭുതം



സാം സക്കറിയ
കൊട്ടാരക്കര

“ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു” എന്നു ദാവീദു പറയുന്നു. ദൈവസൃഷ്ടിയുടെ മകുടം എന്നു വിശേഷിപ്പിക്കാവുന്ന മനുഷ്യൻ ഒരു അത്ഭുതം തന്നെയാണ്. മണ്ണും വിണ്ണും ചേർന്ന മനുഷ്യനിൽ ദേഹിയായിത്തീർന്നു” എന്നു നാം വായിക്കുന്നു(ഉല്പ.2:7, Man became a living soul). മറ്റു ജീവജാലങ്ങളിൽനിന്നും വ്യത്യസ്തനായ ദൈവത്തിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ. അതുകൊണ്ട് മനുഷ്യൻ എപ്പോഴും



ആത്മാവു, ദേഹി, ദേഹം എന്നീ മൂന്നു ഘടകങ്ങൾ ഉണ്ട് എന്നു തിരുവചനം നമ്മെ പഠിപ്പിക്കുന്നു. ഇതിൽ ദൃശ്യമായതു ദേഹം മാത്രമാണ്. പുറമേ കാണുന്ന ദേഹം മാത്രമാണോ മനുഷ്യൻ? ഒരിക്കലുമല്ല. ദൈവം ആദി മനുഷ്യനായ ആദമിനെ സൃഷ്ടിക്കുമ്പോൾ; “നിലത്തെ പൊടി കൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി; മനുഷ്യൻ ജീവനുള്ള

ദൈവവുമായിട്ടുള്ള സഖിത്വത്തിൽ ജീവിക്കുവാൻ ആഗ്രഹിക്കുന്നു. എന്നാൽ പാപം മനുഷ്യനെ ദൈവത്തിൽ നിന്നകറ്റിക്കളഞ്ഞു. നിങ്ങളുടെ അകൃത്യങ്ങളത്രെ നിങ്ങളെയും ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത് എന്ന് യെശയ്യാവ് പറയുന്നു (യെശ.59:2).

പാപത്തിനു പരിഹാരം വന്നു കഴിയുമ്പോൾ മനുഷ്യന് ദൈവവുമായുള്ള കൂട്ടായ്മയിലേക്കു മടങ്ങിവരുവാൻ കഴിയും. അതിനു വേണ്ടിയാണ് യേശുകർത്താവ് ജഡമെടുത്തു ഭൂമിയിൽ വന്നതും, ക്രൂശിൽ യാഗമായിത്തീർന്നതും. പാപിയായ മനുഷ്യൻ അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ച അവസ്ഥയിലാണ്(എഫെ.2:1). അതായത് ദൈവത്തിന്റെ ജീവൻ അവനിൽ നഷ്ടമായിപ്പോയി; പുതുജനനത്തിലൂടെ ആ ജീവൻ തിരികെ ലഭിക്കുന്നു. വീണ്ടും ജനിക്കുന്നതുവരെയും സകലമനുഷ്യരും പ്രാകൃതരും ദൈവാത്മാവില്ലാത്തവരുമാണ്. എന്നാൽ വീണ്ടും ജനിക്കുന്നതോടെ ദൈവത്തിന്റെ ആത്മാവു അവന്റെ ഉള്ളിലാകുകയും ദൈവാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന ഒരു വിശുദ്ധജീവിതം നയിക്കാനിടയാകുകയും ചെയ്യും. ഇതാണ് ലൗകിക മനുഷ്യനും ആത്മീക മനുഷ്യനും (Physical man and spiritual man) തമ്മിലുള്ള വ്യത്യാസം. “ജഡത്താൽ ജനിച്ചതു ജഡമാകുന്നു; ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു.”

മനുഷ്യനിൽ ആത്മാവില്ല എന്നു പറയുന്നവരുണ്ട്. ദേഹവും ദേഹിയും (body and soul) രണ്ടു ഘടകങ്ങളെ ഉള്ളൂ എന്നവർ ചിന്തിക്കുന്നു. അങ്ങനെയെങ്കിൽ മനുഷ്യനും മൃഗവും തമ്മിൽ ഒരു വ്യത്യാസവുമില്ല എന്നു പറയേണ്ടിവരും. ദേഹവും

ദേഹിയും മൃഗങ്ങൾക്കുമുണ്ട്; ദേഹി എന്നതിന് ജീവൻ, പ്രാണൻ എന്നൊക്കെ അർത്ഥം കൊടുക്കാം. ഇതു വ്യക്തമാക്കുന്ന ഒരു വാക്യമാണ് 1തെസ്സ.5:23. "നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ". മൂലഭാഷയായ ഗ്രീക്കിൽ ആത്മാവു എന്നതിന് ന്യൂമ എന്നും (Spirit), പ്രാണൻ എന്നതിന് സൂഖി (Soul), ദേഹം എന്നതിനു സോമ (body) എന്നും വകതിരിച്ചു പറഞ്ഞിരിക്കുന്നു. മനുഷ്യനിലുള്ള ദൈവികഘടകമാണ് ആത്മാവ്. ആത്മാവുള്ള മനുഷ്യൻ വിവേകമുള്ളവനും, ദൈവത്തെ അന്വേഷിക്കുന്നവനുമായിരിക്കും. "മനുഷ്യനിൽ ആത്മാവുണ്ടല്ലോ; സർവ്വശക്തന്റെ ആത്മാവ് അവനു വിവേകം നല്കുന്നു" എന്ന് ഇയ്യോബ് പറയുന്നു. "മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ അവൻ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്ല്യനത്രേ". എന്നാൽ സത്യദൈവത്തെ അറിവാനുള്ള വിവേകം നമുക്കു ലഭിച്ചു എന്നതാണ് നമ്മുടെ ഭാഗ്യം. അതുകൊണ്ട് നമുക്കു വീണ്ടും ജനിക്കുവാനും, ദൈവത്തിന്റെ മക്കൾ എന്ന പദവിയിലേക്കുയർത്തപ്പെടുവാനുമിടയായി.

ദൈവത്തിന്റെ ആത്മാവും മനുഷ്യാത്മാവും രണ്ടും രണ്ടാണ് എന്നു നാം മനസ്സിലാക്കണം. "നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവു താനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു"(റോമ.8:16). ഇവിടെ മനുഷ്യാത്മാവിനെയും ദൈവാത്മാവിനെയും വേർ തിരിച്ചു പറഞ്ഞിരിക്കുന്നു. ഇംഗ്ലീഷു ഭാഷയിൽ ദൈവാത്മാവിന് Holy Spirit എന്നോ Spirit എന്നതിന്റെ 'S' ക്യാപിറ്റൽ ലെറ്ററിലോ ഉപയോഗിച്ചിരിക്കുന്നു. മനുഷ്യാത്മാവിന് ചെറിയ അക്ഷരത്തിലുള്ള 's' ആയിരിക്കും ഉപയോഗിക്കുന്നത്. വിഷയാടിസ്ഥാനത്തിലും ഇതു വേർതിരിച്ചു മനസ്സിലാക്കാവുന്നതേയുള്ളൂ.

ആത്മാവും (Spirit) ദേഹിയും (Soul) തമ്മിൽ വേർപിരിക്കാനാകാത്ത ബന്ധമാണുള്ളത്. ശരീരം മണ്ണിൽനിന്നും ആത്മാവു ദൈവത്തിൽനിന്നും ഉള്ള താണ്. സഭാപ്രസംഗി പറയുന്നതു ശ്രദ്ധിച്ചാലും: പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും; ആത്മാവ് അതിനെ നല്കിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും. മരണത്തോടുകൂടി ശരീരവും ആത്മാവും തമ്മിൽ വേർപെടുമെങ്കിലും; ആത്മാവു നാശമില്ലാത്തതും മറ്റൊരു അവസ്ഥയിലും സ്ഥാനത്തും ആയിരിക്കേണ്ടതുമാണ് എന്നു വചനം നമ്മെ പഠിപ്പിക്കുന്നു.

ദൈവം നല്കിയ രക്ഷയോടുള്ള ബന്ധത്തിലും ഈ മൂന്നു ഘടകങ്ങൾക്കും പ്രത്യേക ക്രമീകരണമാണ് നല്കിയിരിക്കുന്നത്. ത്രികാലങ്ങളിൽ അതു വിശദീകരിച്ചിരിക്കുന്നു. ഒരു വ്യക്തി കർത്താവിൽ വിശ്വസിക്കുമ്പോൾ ലഭിക്കുന്ന ആത്മരക്ഷയും (Past tense) തുടർന്നുള്ള ക്രിസ്തീയ ജീവിതത്തിൽ പാപത്തിന്റെ പ്രലോഭനങ്ങളിൽ നിന്നും വിജയം വരിച്ച് മുന്നേറുന്ന ദേഹിരക്ഷയും (Present tense) ഭാവിയിൽ കർത്താവു വന്ന് നമ്മുടെ ദേഹത്തിനു വീണ്ടെടുപ്പു നല്കി നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായിരൂപാന്തരപ്പെടുത്തുന്ന ദേഹരക്ഷയും (Future tense) രക്ഷയുടെ പൂർത്തീകരണത്തെ വ്യക്തമാക്കുന്നു. അതാണ് "നമ്മുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ" എന്ന് പൌലോസ് അപ്പോസ്തലൻ ആശംസിക്കുന്നത്.

മനുഷ്യൻ എന്ന മഹാത്ഭുതത്തെ വിവേചിച്ചറിയുവാൻ ഇന്നുവരെ കഴിഞ്ഞിട്ടില്ല. എന്നാൽ ദൈവവചനം വെളിപ്പെടുത്തിതന്നിരിക്കുന്ന സത്യങ്ങൾ നാം മനസ്സിലാക്കുമ്പോൾ നമ്മെ ഇത്ര ഭയങ്കരവും അതിശയവുമായി സൃഷ്ടിച്ച ദൈവത്തിനു മഹത്വം കരേറ്റുവാൻ മാത്രമേ നമുക്കു കഴിയുകയുള്ളൂ. മനുഷ്യശരീരം കൂലങ്കഷമായി പരിശോധിച്ചിട്ടും ആത്മാവിനെ കണ്ടെത്തിയില്ല എന്നു പറയുന്നവർ ഇന്നും അജ്ഞരാണ്. എന്നാൽ ദൈവാത്മാവിനാൽ വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ ഗ്രഹിച്ച് നമ്മുടെ ശരീരാത്മദേഹികൾക്ക് നല്കിയിരിക്കുന്ന സമ്പൂർണ്ണ വീണ്ടെടുപ്പിനായി നന്ദി പറയുകയും ആസന്നഭാവിയിൽ നടക്കാനിരിക്കുന്ന കർത്താവിന്റെ പുനരാഗമനത്തിനായി പ്രത്യാശിച്ചുകൊണ്ടും ദൈവനാമ മഹത്വത്തിനായി ജീവിക്കുവാൻ ദൈവം കൃപചെയ്യട്ടെ! sV

# മനുഷ്യന്റെ വ്യക്തിത്വം



വിജയദാസ്
ചിറ്റിക്കോണം

ജന്തുശാസ്ത്രം (Zoology) മനുഷ്യനു നൽകിയിട്ടുള്ള സാങ്കേതിക നാമമാണ് ഹോമോ സാപിയൻസ് (Homosapiens). മനുഷ്യൻ, നട്ടെല്ലികൾ എന്ന ജന്തുമണ്ഡലത്തിൽ(Phy lum-Chordata), സസ്തനജീവി വിഭാഗത്തിൽ (Class mammalian) പ്രൈമേറ്റ് ഗോത്രത്തിൽ (order-primates: കുരങ്ങുകളും, ആൾകുരങ്ങുകളും ഇതിൽപ്പെടുന്നു) ഹോമിനീഡേ (Hominidae) കുടുംബത്തിൽ, ഹോമോഗണത്തിൽ (Exemus-Homo) സേപ്പിയൻസ് എന്ന ജീവി ജാതിയിൽ (species-sapiens)പെടുന്നു. മനുഷ്യന് ജന്തുക്കളുമായുള്ള ബന്ധമാണ് ജന്തുശാസ്ത്രത്തിന്റെ അംഗീകൃത വിഭജന സമ്പ്രദായം വെളിപ്പെടുത്തുന്നത്.

ശാസ്ത്രലോകം പൊതുവെ മനുഷ്യന്റെ ശരീരത്തേയും, ജീവനേയും കുറിച്ച് മാത്രം അപഗ്രഥിക്കുകയും, പഠിക്കുകയും, നിർവചിക്കയും ചെയ്യുന്നുള്ളു. എന്നാൽ മനുഷ്യന്റെ, അസ്ഥിത്വവും, വ്യക്തിത്വവും, സവിശേഷതകളും പൂർണ്ണമായി ഗ്രഹിക്കുവാനും, അളക്കുവാനും, കഴിഞ്ഞിട്ടില്ല, കഴിയുകയുമില്ല, അതിന് കാരണം മനുഷ്യൻ സ്വയംഭൂവല്ല, അവൻ മറ്റൊരു സർവ്വജ്ഞാനത്തിന്റെ, സർവ്വശക്തിയുടെ, സർവ്വവ്യാപിയുടെ, സനാതനത്വത്തിന്റെ കരവിരുതിനാൽ ഉണ്ടാക്കപ്പെട്ടവനാണ്. അതുകൊണ്ട് മനുഷ്യനെ പൂർണ്ണമായി ഗ്രഹിക്കാൻ മനുഷ്യനിർമ്മിതങ്ങളായ ശാസ്ത്രനിഗമനങ്ങൾ അപര്യാപ്തമാണ്. മറ്റ് ജീവജന്തുവർഗ്ഗങ്ങളിൽ നിന്നും



മനുഷ്യനെ വേറിട്ട് നിർത്തുന്നതും, കേവലം ഭക്ഷണരീതിയോ വസ്ത്രധാരണമോ, കുടുംബസംവിധാനമോ തുടങ്ങിയ ജീവിതക്രമങ്ങളോ അല്ല, പിന്നെയോ; അവന്റെ ചിന്താശേഷിയാണ്, ഭാവനാശേഷിയാണ് സ്വത്വബോധവും, നീതിബോധവും, കുറ്റബോധവും, പാപബോധവും, വൈകാരിക, വൈചിത്ര്യങ്ങളും, മനുഷ്യന് വ്യക്തിത്വവും വ്യത്യസ്തതയും, വ്യതരിക്ത തയും നൽകുന്നു.

## മനുഷ്യന്റെ ഇച്ഛാശക്തി

മനുഷ്യന് സ്വതന്ത്രനായ് ജീവിക്കുവാനും, ദൈവസംസർഗ്ഗത്തിൽ ജീവിക്കുവാനും സത്യമായ് ജീവിക്കുവാനും വേണ്ടിയാണ് ദൈവം ഉണ്ടാക്കിയത്. അതിനു തക്കവണ്ണമുള്ള ശരീരവും, മനസും, ആത്മാവും ചേർന്നതാണ് മനുഷ്യൻ. ഇതിൽ ഏതെങ്കിലും ഒരു ഘടകത്തിന് മാത്രമായി വ്യക്തിത്വമില്ല, ഇച്ഛയില്ല തീരുമാനവുമില്ല (1തെസ്സ.5:23. മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളിലൂടെ അകത്ത് വരുന്ന ചിത്രങ്ങൾ, ശബ്ദങ്ങൾ, മണം, സ്വാദ്, ചൂട്, തണുപ്പ് ഇവ അവന്റെ തലച്ചോറിലെത്തി, ബുദ്ധി, വികാരം, മനസ്സ് ഇവയുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിലൂടെ ഒരു തീരുമാനത്തിലെത്തുവാനുള്ള ഇച്ഛാശക്തി കൈവരുന്നു. ഈ സമയം മറ്റൊരു വ്യക്തി എന്തായി തീരുമാനം എന്ന് ചോദിച്ചാൽ കൃത്യമായി ഉത്തരം പറയാൻ കഴിയും ഇല്ലെങ്കിൽ ആലോചിക്കട്ടെ എന്ന് പറയും. മേൽ പറഞ്ഞത് ഒരു സാമാന്യ മനുഷ്യന്റെ ഇച്ഛാശക്തിയെ കുറിച്ചാണ് എന്നാൽ; ആത്മാവിൽ വീണ്ടും ജനനം പ്രാപിച്ചതും, ദൈവാത്മാവിന്റെ സ്വാധീനവലയിൽ ജീവിക്കുന്നവനുമായ മനുഷ്യനു, ഇച്ഛാശക്തിയിലെത്താൻ, അഥവ തീരുമാനത്തിലെത്താൻ; തലച്ചോറും, ബുദ്ധിയും, വികാരവും, മനസ്സും ഏകോപിച്ചാൽ മാത്രം

പോര, ദൈവത്തിന്റെ ആത്മാവ് എന്റെ ആത്മാവ് ഏത് ശരി, ഏത് തെറ്റ് എന്ന് ബോദ്ധ്യപ്പെടുത്തണം എങ്കിലെ തീരുമാനത്തിലെ ത്താൻ കഴിയുകയുള്ളു.

മനുഷ്യന്റെ ഇച്ഛാശക്തിയും കൈകടത്താൻ എപ്പോഴും കിണഞ്ഞ് ശ്രമിക്കുന്ന 'ത്രീമെൻ ആർമി' ഉണ്ട്. അതാണ് ലോകം, ജഡം, പിശാച് എന്ന പേരിൽ ദൈവവചനം പരിചയപ്പെടുത്തുന്നത്. നിഷ്പാപയുഗത്തിൽ വസിച്ചിരുന്ന മനുഷ്യനെ വഴിപിഴപ്പിച്ച് പിശാച് ചിരിച്ചുകൊണ്ട് പറയുകയാണ് മോളേ, ഹൗവ്വേ അനുഭവിച്ചോ, നിന്റെ ആക്രാന്തം കൊണ്ടങ്ങുള്ള നോട്ടം കണ്ടപ്പോഴേ എനിക്ക് തോന്നി ഇവളെ പറ്റിക്കാൻ ഇത് തന്നെ മാർഗ്ഗമെന്ന്; നിനക്ക് ദൈവത്തെപ്പോലെ ആകണം അല്ലേടീ. തല്ക്കാലം നീ എന്നെ പോലെ ആയാൽ മതി, നീ എന്റെ കുഞ്ഞുങ്ങളെ പ്രസവിച്ചാൽ മതി(യോഹ.8:44). എന്നാൽ സർവ്വശക്തൻ പറഞ്ഞു. "സ്ത്രീയുടെ സന്തതി നിന്റെ തല തകർക്കും". ഇന്നും ലോകത്ത് രണ്ടു കൂട്ടം മനുഷ്യരേ കാണുന്നുള്ളൂ, ഒന്ന്, തല തകർത്തവന്റെ സന്തതിയും, രണ്ട്, തല തകർക്കപ്പെട്ടവന്റെ സന്തതിയും മൂന്നാമതൊരുകൂട്ടം ഇല്ല. ഇതു വായിക്കുന്ന ഓരോ വ്യക്തിയും സ്വയം ചോദിക്കേണ്ട ചോദ്യമാണ് ഞാൻ ആരിൽ നിന്ന് ജനിച്ചിരിക്കുന്നു.

ഒരു വ്യക്തി വീണ്ടും ജനിച്ച് ദൈവപൈതലായി തീരുമ്പോൾ മനുഷ്യനെന്നുള്ള നിലയിൽ അവനിലുള്ള സ്വതന്ത്രമായ ഇച്ഛാശക്തിക്ക് മാറ്റം വരുന്നില്ല, അഥവാ ദൈവം കൈകടത്തുന്നില്ല. എന്നാൽ ബുദ്ധിയിൽ അറിയുകയും, മനസ്സിൽ നിരൂപിക്കുകയും, ചിന്താശേഷിയാൽ വിശകലനം ചെയ്യപ്പെടുകയും ചെയ്യുന്ന കാര്യങ്ങളെ പൂർണ്ണമായും വികാരത്തിനും, സാഹചര്യങ്ങൾക്കും വിട്ടുകൊടുക്കാതെ ഉചിതമായ തീരുമാനത്തിലെത്താൻ പരിശുദ്ധാത്മാവെന്ന കാര്യസ്ഥൻ ഒരു ദൈവപൈതലിനെ സഹായിക്കുന്നു. അതുകൊണ്ടങ്ങ് രക്ഷിക്കപ്പെട്ട ഒരു വ്യക്തിക്ക് സ്വന്തമായി തീരുമാനങ്ങളെടുക്കാൻ അവകാശവും, അധികാരവും ഉണ്ടെങ്കിലും, അബദ്ധം സംഭവിക്കാതിരിക്കാനും, തെറ്റ് വരുത്താതിരിക്കാനും എപ്പോഴും ദൈവാത്മാവിനെ ആശ്രയിക്കണം.

## മനുഷ്യന്റെ ചിന്താശേഷി

മനുഷ്യൻ, മാനവൻ എന്നീ പദങ്ങളുടെ അർത്ഥം തന്നെ മനനം ചെയ്യുന്നവൻ, ചിന്തിക്കുന്നവൻ എന്നൊക്കെയാണ്. എവിടെയാണ് ചിന്തയുടെ ഉത്ഭവം? പാപത്തിൽ വീഴുന്നതിന് മുമ്പുള്ള മനുഷ്യന്റെ ചിന്തയുടെ ഉറവിടം എന്നത് മൂന്ന് ഘടകങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു. ഒന്ന് പഞ്ചേന്ദ്രിയം, രണ്ട് മനസ്സ്, മൂന്ന് മനുഷ്യാത്മാവ്. ഇവ മൂന്നും ഏകോപിച്ച് പ്രവർത്തിച്ചുണ്ടാകുന്ന ചിന്തയിലൂടെ ഉരുവാകുന്ന സ്വതന്ത്രതീരുമാനങ്ങളാണ് മനുഷ്യൻ എടുത്തിരുന്നത്. മനുഷ്യനിൽ പാപം കടന്നതോടുകൂടെ അവന്റെ ആത്മാവ് അതിക്രമങ്ങളാലും, പാപങ്ങളാലും നിദ്രപാപിച്ചു(എഫെ.2:1). അതോടുകൂടി ദൈവാംശമായ ആത്മാവിന്റെ സ്ഥാനത്ത്, പാപവും, മരണഭയവും കടന്നു വന്നു. പാപത്തിൽ വീണ മനുഷ്യനെ നന്മ ചെയ്യാൻ എനിക്ക് ആഗ്രഹമുണ്ടങ്ങ് എങ്കിലും, ആഗ്രഹിക്കാത്ത തിന്മയത്രേ ചെയ്യുന്നത്, എന്ന് നിലവിളിക്കാൻ പ്രേരിപ്പിക്കുന്നത് ആത്മാവിന്റെ മൃത അവസ്ഥയാണ്. ചിന്തയിലും,വാക്കിലും, പ്രവൃത്തിയിലും മനുഷ്യൻ മലിനനായിതീർന്നു. പാപിയായ് തീർന്നു, ദുഷ്പ്രവൃത്തിക്കാരനായിതീർന്നു. ഒരു വിധത്തിൽ ഇന്ന് മനുഷ്യർ തങ്ങൾ സ്വതന്ത്രരാണ്, എന്റെ സ്വന്തം തീരുമാനങ്ങളാണ് എന്നൊക്കെ അവകാശപ്പെടുന്നുണ്ടെങ്കിലും, ദൈവവചനം അത് നിഷേധിക്കുന്നു. പാപത്തിന്റെ ദാസനും അടിമയുമായി, സ്വയം വിൽക്കപ്പെട്ടവനായ മനുഷ്യന് സ്വതന്ത്രചിന്തയില്ല, സ്വതന്ത്രമായ പ്രവൃത്തികളുമില്ല (റോമ : 16–18) അതുകൊണ്ടാണ്, കർത്താവ് പറഞ്ഞത്:പുത്രൻ നിങ്ങൾക്ക് സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരായി എന്ന്. ക്രിസ്തുവിനാൽ സ്വാതന്ത്ര്യത്തിലേക്ക് കടന്ന ആത്മാവിന്റെ ചിന്തകളെ വീണ്ടും മരണത്തിലെത്തിക്കാൻ ജഡത്തിന്റെ ചിന്തകൾക്ക് കഴിയും. "ജഡസ്വഭാവമുള്ളവർ ജഡത്തിനുള്ളതും ആത്മസ്വഭാവമുള്ളവർ ആത്മാവിനുള്ളതും ചിന്തിക്കുന്നു".(റോമ.8:58). ഈ തിരുവചന ഭാഗങ്ങൾ നാം ചിന്തിക്കുമ്പോൾ, വീണ്ടും ജനിച്ച ഒരു വ്യക്തിയിൽ രണ്ട് ചിന്താസരണികൾ ഉണർന്നിരിക്കുന്നതായി കാണുന്നു. രണ്ടും പരസ്പര വിരുദ്ധങ്ങളായ രണ്ട് ധ്രുവങ്ങളിൽ വ്യക്തിത്വത്തെയും സ്വഭാവത്തെയും മനോഭാവത്തെയും പ്രവൃത്തിയെയും കൊണ്ടെത്തിക്കും. ആയതിനാൽ, ആത്മീകമായതും, ആത്മാവിനുള്ളതും ജീവദായകവുമായ ചിന്തകളെ വളർത്തുന്നവരായി ജീവിക്കാൻ കർത്താവ് സകലരേയും സഹായിക്കുമാറാകട്ടെ.

sV

# Phenomenon of Death



Jaysingh
mathoorkonam

The very word Death can trigger images of darkness, men and women in black, of grief, and for some, fear. But God doesn't want us to live in fear nor defeat. He wants us to live, with the confidence that comes from knowing we belong to the victorious, risen King who defeated death when He died on the cross and rose from the grave.

## 1. Why do people die?

People die because of what is called the "original sin"—the disobedience of Adam and Eve in the Garden of Eden. God had warned the first couple that transgressing His law would result in their death (Genesis 2:17), and that is what happened. "The wages of sin is death" (Romans 6:23a). Adam and Eve were meant to dwell with God forever, so they probably did not even know what it meant to "die." Unfortunately, sin had at some time in eternity past invaded the heavenly realm of angels, and Satan tempted Eve, and she fell into sin. Eve gave the fruit to her husband, and he followed her into sin. That sin brought death into the world, as mankind separated themselves from the Source of Life.

Since that time, every human produced by a woman with the aid of a man has produced sinful offspring. This sin nature brings with it death. Romans 5:12 says that "Sin entered the world through one man, and death through sin, and in this way death came to all people, because all sinned". Genesis 3 describes the curse that God pronounced upon the world. The curse included these words to Adam: "You [will] return to the ground, since from it you were taken; for dust you are and to dust you will return" (Genesis 3:19). Physical death of the body is what God spoke of here. Physical death did not occur immediately for Adam and Eve, but, because of their sin, innocent animals did die (Genesis 3:21). The other type of death that Adam and Eve's sin brought was spiritual death—their spirits were separated from God's Spirit; their fellowship was broken. This spiritual death occurred immediately after they partook of the forbidden fruit and were fearful and ashamed (Genesis 3:10). Spiritual death, like physical death, was passed on to their descendants (Ephesians 2:1).

Ever since Adam, the human race has laboured under "the law of sin and death"(Romans 8:2). God in His goodness sent His Son to abolish the law of sin and death and establish "the law of the Spirit who gives life" (Romans 8:2). 1 Corinthians 15:20–26 states, "Christ has indeed been raised from the dead, the first fruits of those who have fallen asleep. For since death came through a man, the resurrection of the dead comes also through a man. For as in Adam all die, so in Christ all will be made alive. . . . The last enemy to be destroyed is death."

## 2. What is the second death?

The second death is mentioned on multiple occasions in the book of Revelation and

is synonymous with the lake of fire. It is a "death" in that it is a separation from God, the Giver of life. It is called the "second" one because it follows physical death. Revelation 21:8 explains the second death in the most detail: "The cowardly, who overcomes will not be hurt at all by the second death."

In this verse, Jesus promises that believers ("overcomers"; see 1 John 5:4) will not experience the lake of fire. The second death is exclusively for those who have the salvation that Jesus Christ provides. The coming judgment should also challenge believers to share their faith. There is a vast difference between the final destination of those who know Christ and those who do not.



the unbelieving, the vile, the murderers, the sexually immoral, those who practice magic arts, the idolaters and all liars – their place will be in the fiery lake of burning sulfur. This is the second death." Three other places in Revelation also mention the second death. The first is Revelation 2:11: "He who has an ear, let him hear what the Spirit says to the churches. He rejected Christ. It is not a place believers in Christ should fear. Every person not included in the book of life will be thrown into the lake of fire. In summary, the second death is a reference to the lake of fire where those who are separated from God by their sin will dwell for eternity

This judgment was recorded in Scripture as a warning to unbelievers to seek

## 3. What is eternal death?

The doctrine of eternal death is not a popular doctrine to teach or proclaim. If we do not embrace the saving message of Jesus Christ, we will perish in our sin and trespasses and be under God's just judgment for our sin—eternal death. It's the fate that awaits all people who ultimately reject God, reject

the gospel of His Son, Jesus Christ, and remain in their sin and disobedience. Physical death is a one-time experience. Eternal death, on the other hand, is everlasting. It is a death that continues through eternity, a spiritual death that is experienced on a continual basis. Just as spiritual life, by grace through faith in Christ (Ephesians 2:8-9) is everlasting life, eternal death is never-ending.

We can point to several passages that explicitly state this, but let's select three verses (Daniel 12:2), (Matthew 25:46) and (Revelation 20:15 ESV). All three of these passages (and more could have been added) have as their main context the scene of final judgment. In other words, when Christ returns, three things will occur: 1) The general resurrection of "the living and the dead"; 2) the final judgment; and 3) the inauguration of the eternal state. Each of these passages demonstrates that during the final judgment of all people, Jesus will separate the righteous from the wicked. The righteous will be ushered into the final state of glory, while the wicked will be sent to the lake of fire for eternal punishment and torment. Note too (particularly in the Daniel and Matthew passages) that the same adjective ("everlasting" or "eternal") is used to modify both "life" and "punishment/ contempt." What is true about one (life) must be true about the other (punishment) that both are eternal and last forever.

## 4. What happens after death?

After death, a person resides in either a place of comfort or in a place of torment. These realms act as a temporary "heaven" and a temporary "hell" until the resurrection. At that point, the soul is reunited with the body, but no one's eternal destiny will change. The first resurrection is for the "blessed and holy" (Revelation 20:6)—everyone who is in Christ—and those who are part of the first resurrection will enter the millennial kingdom and, ultimately, the new heavens and new earth (Revelation 21:1). The other resurrection happens after Christ's millennial kingdom, and it involves a judgment on the wicked and unbelieving "according to what they had done" (Revelation 20:13). These, whose names are not in the book of life, will be sent to the lake of fire to experience the "second death" (Revelation 20:14–15). The new earth and the lake of fire—these two destinations are final and eternal. People go to one or the other, based entirely on whether they have trusted Jesus Christ for salvation (Matthew 25:46; John 3:36).

Within the Christian faith, there is a significant amount of confusion regarding what happens after death. Some hold that after death everyone "sleeps" until the final judgment, after which everyone will be sent to heaven or hell. Others believe that at the moment of death people are instantly judged and sent to their eternal destinations. Still others claim that, when people die, their souls/spirits are sent to a "temporary" heaven or hell to await the final resurrection, the final judgment, and the finality of their eternal destination. So, what exactly does the Bible say happens after death?

First, for the believer in Jesus Christ, the Bible tells us that after death believers' souls/spirits are taken to heaven, because their sins were forgiven when they received Christ as Saviour (John 3:16, 18, 36). For believers, death means being "away from the body and at home with the Lord" (2Corinthians 5:6–8; Philippians 1:23). However, passages such as 1 Corinthians 15:50–54 and 1 Thessalonians 4:13–17 describe believers being resurrected and given glorified bodies. Second, for those who do not receive Jesus Christ as Saviour, death means everlasting punishment. However, similar to the destiny of believers, it seems that unbelievers also go to a temporary holding place to await their final resurrection, judgment, and eternal destiny. Luke 16:22–

23 describes a rich man being tormented immediately after death. Revelation 20:11–15 describes all the unbelieving dead being resurrected, judged at the great white throne, and cast into the lake of fire. Unbelievers, then, are not sent to hell (the lake of fire) immediately after death, but they are rather sent to a temporary realm of judgment and anguish. The rich man cried out, "I am in agony in this fire" (Luke 16:24).

## 5. is there life after death?

Job, speaking out of his despair, asked, "If a man dies, shall he live again?" (Job 14:14). All of us have been cha llenged by this question. Is there life after death? What happens to us after we die? The Bible tells us that, yes, there is life after death. At death, the body ceases to function and begins the process of returning to the earth, but the spiritual part of man lives on: "The dust returns to the ground it came from, and the spirit returns to God who gave it" (Ecclesiastes 12:7; and Psalm 146:4).


To those who are redeemed and have their sin forgiven, God gives eternal life, an existence so glorious that "no eye has seen, no ear has heard, and no mind has imagined what God has prepared for those who love him" (1 Corinthians 2:9). Each person must make a choice in this life, a choice that will determine his or her eternal destination. It is appointed for us to die once, and after that will come judgment (Hebrews 9:27). Those who have been made righteous by faith in Christ will go into eternal life in heaven, but those who have rejected Christ as Savior will be sent to eternal punishment in hell (Matthew 25:46). God takes no pleasure in the death of the wicked but desires them to turn from their wicked ways so that they can live (Ezekiel 33:11). But He will not force us into submission; if we choose to reject Christ, the one and only Savior, we reject the heaven that He has prepared, and we will live eternally apart from Him. Life on earth is a preparation for what is to come. Faith in Christ prepares us for life after death: "Whoever believes in [God's Son] is not condemned, but whoever does not believe stands condemned already because they have not believed in the name of God's one and only Son" (John 3:18).

Jesus Christ, God incarnate, came to the earth to pay for our sins and give us the gift of eternal life: "He was pierced for our transgressions, he was crushed for our iniquities; the punishment that brought us peace was upon him, and by his wounds we are healed" (Isaiah 53:5). Three days after His crucifixion, Jesus proved Himself victorious over death by rising from the grave—He is life personified (John 11:25) and the ultimate proof that there is life after death. The resurrection of Christ, which gives us the sure hope of life after death, is the cornerstone of the Christian faith (1 Corinthians 15:12–19). Because Christ was raised from the dead, we have faith that we, too, will be resurrected. As Jesus told His disciples, "Because I live, you also will live" (John 14:19). Christ was only the first of a great harvest of those who will be raised to life again (1 Corinthians 15:23). Just as God raised up Jesus' body, so will our bodies be resurrected upon Jesus' return (1 Corinthians 6:14).

Everyone will experience life after death in some manner. For believers in Christ, life after death is eternal life in heaven with God. For unbelievers, life after death is eternity in the lake of fire. How can we receive eternal life and avoid hell? There is only one way—through faith in Jesus Christ. Jesus said, "I am the resurrection and the life. The one who believes in me will live, even though they die; and whoever lives by believing in me will never die" (John 11:25–26).

sV

# ആത്മാവുള്ള മനുഷ്യൻ



ജയേഷ് ചന്ദ്രൻ
അമ്മാന്നൂർക്കോണം

സൃഷ്ടിയുടെ മകുടം എന്ന് വിശേഷിപ്പിക്കപ്പെടുന്ന മനുഷ്യനെ ദൈവം സൃഷ്ടിച്ചത് മൂന്ന് ഘടകങ്ങൾ കൊണ്ട് എന്ന് വചനം വെളിപ്പെടുത്തുന്നു. (1തെസ്സ.5:23-ൽ നിങ്ങളൂടെ ആത്മാവും പ്രാണനും ദേഹവും എന്ന് വിശിഷ്ട വിധത്തിൽ വിശദീകരിച്ചിരിക്കുകയാണ് പൗലോസ് അപ്പൊസ്തലൻ. ക്രിസ്തുവിന്റെ നാളിലെ പാപത്തിന്റെ സാന്നിധ്യത്തിൽനിന്നുള്ള സമ്പൂർണ്ണരക്ഷയെ കുറിക്കോണ്ടിരിക്കുന്ന വാക്യമെങ്കിലും, മനുഷ്യൻ എന്ന ദൈവീക നിർമ്മിതിയിലെ പ്രധാന 3 ഭാഗങ്ങളേ പരാമർശിച്ചിരിക്കുന്നു. ചിലർ ജീവനും ആത്മാവും ഒന്നാണ് എന്ന് വാദിക്കറുണ്ടങ്കിലും, ഈ വേദഭാഗത്ത് "കായ്" എന്ന് യവന ഭാഷയിലും "and" എന്ന് ഇംഗ്ലീഷിലും സംയോജന പദങ്ങൾ നല്കിയിരിക്കുന്നതിനാൽ ആത്മാവും ജീവനും വ്യത്യസ്ത ഘടങ്ങൾ എന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നു.



സെഖര്യാ പ്രവാചകൻ 12-ന്റെ 10-ാം വാക്യത്തിൽ "മനുഷ്യന്റെ ആത്മാവിനെ അവന്റെ ഉള്ളിൽ നിർമ്മിക്കുകയും ചെയ്തിരിക്കുന്ന യഹോവയുടെ അരുളപ്പാട്" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മനുഷ്യശരീരത്തിനുള്ളിൽ അദൃശ്യമായിരിക്കുന്ന അവിനാശമായ ആത്മാവിനെയാണ് ദൈവം നല്കിയത്. "ദൈവം ആത്മാവാണ്" എന്ന് ക്രിസ്തു യോഹന്നൻ.4: 24-ൽ വെളിപ്പെടുത്തി.ആത്മാവാകുന്ന ദൈവം ആത്മാവും ജീവനും ഉള്ളവയായ സ്വർഗ്ഗീയ വാസികളെ സൃഷ്ടിച്ചു. ഭൂമിയെ നിർമ്മിച്ചപ്പോൾ ശരീരവും ജീവനും ഉള്ള ഭൗമീകവും, ഭൂമിയിൽ നിന്ന് ദൃശ്യമായ സകലെത്തെയും സൃഷ്ടിച്ചു(കൊലോ.1:10). എന്നാൽ സ്വർഗ്ഗത്തെയും ഭൂമിയേയും ബന്ധിപ്പിക്കുന്ന മനുഷ്യനെ ദൈവം ആത്മാവ്, ജീവൻ(പ്രാണൻ, ദേഹി), ശരീരം( ദേഹം) എന്നിവയാൽ സൃഷ്ടിച്ചു. ദൈവം തന്റെ വിരലുകൾ കൊണ്ട് ഭൂമിയിലെ പൊടിയുപയോഗിച്ച് മനുഷ്യശരീരം സൃഷ്ടിച്ചു, അവന്റെ മൂക്കിലേക്ക് ജീവശ്വാസം (അർത്ഥാൽ ആത്മാവിനെ നല്കിയപ്പോൾ) ഊതിയപ്പോൾ അവൻ ജീവനുള്ള ദേഹിയായി എന്ന് ഉല്പത്തി.2: 7-ൽ വിശദമാക്കുന്നു."ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ ഉണ്ടാക്കി." എന്ന് ഉല്പത്തി 1: 26, 27 ലും വായിക്കുന്നു. അത് തന്റെ ആത്മീക സ്വരൂപവും സാദൃശ്യവും എന്ന് മനസ്സിലാക്കുവാൻ കഴിയുന്നു. കാരണം ദൈവം അരൂപിയാണ് (ആവർത്തനം.4:12).

മനുഷ്യ ശരീരാവയവങ്ങൾക്ക് പേരുകൾ ഉണ്ടെങ്കിലും നമുക്ക് നമ്മുടെയുള്ളിൽ വ്യക്തിപരമായ പേരുകൾ ഉണ്ട്, ആ പേരുകൾ ആത്മാവിന്റെ പേരാണ്, പേര് എത്രത്തോളം വിലപ്പെട്ടതാണോ അതുപോലെ സർവ്വലോകത്തെക്കാൾ വിലയാണ് നമ്മുടെ ആത്മാവിന്. ഒരു വ്യക്തി മരണപ്പെടുമ്പോൾ"...... മരിച്ചു പോയി" എന്ന് പറയുന്നു പിന്നെ ഒരിക്കലും ശരീരത്തെ ആ പേരിൽ അറിയപ്പെടുന്നില്ല. "പൊടി(ശരീരം)പണ്ട് ആയിരുന്നത് പോലെ ഭൂമിയിലേക്കു തിരികെ ചേരും; ആത്മാവ് അതിനെ നല്കിയ ദൈവത്തിന്റെ അടുക്കലേക്ക് മടങ്ങിപ്പോകും"(സഭാപ്രസംഗി.12:7). ആത്മാവ് പിതാവാം ദൈവത്തിന്റെ അടുക്കൽ പോകുന്നതിന്റെ തെളിവാണ് ക്രിസ്തു(ലൂക്കോസ്: 23: 45), സ്തേഫാനോസ് (അപ്പൊ. പ്രവർത്തി.7.59). മനുഷ്യന്റെ ആത്മാവിനെ ദൈവം ന്യായം വിധിക്കുന്നു(എബ്രായർ.9:27). ദൈവം മനുഷ്യനെ ആത്മാവുള്ളവനായി സൃഷ്ടിച്ചതിന്റെ മൂന്ന് പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു.

### 1. ദൈവം മനുഷ്യനെ നിത്യതയ്ക്കായ് നിർമ്മിച്ചു ( സഭാപ്രസംഗി. 3.11)

ദൈവം മനുഷ്യന് ആത്മാവ് നല്കി ജീവിപ്പിച്ചത് അനന്തമായി ആനന്ദത്തോടെ ജീവിക്കുവാനാണ്. ദൈവീകാത്മീകനുഗ്രഹങ്ങളായ സ്നേഹം, കരുണ, ദയ, വിശ്വസ്തത എന്നി എണ്ണിക്കൂടാത്ത നന്മകളനുഭവിക്കുവാൻ കൂടെയായിരുന്നു (എഫെ.1: 3). പാപത്തിൽ അകപ്പെടുന്നതിനു മുൻപ മനുഷ്യൻ പാപത്തിലകപ്പെട്ടാലുള്ള പരിണിത ഫലമായ രണ്ടാം മരണമെന്ന നരക യാതനയേക്കുറിച്ച് ദൈവം മുന്നറിയിപ്പ് നല്കിയിരുന്നു ( ഉല്പത്തി.2:17). എന്നാൽ പാപത്തിന്റെ അനന്തര ഫലത്തെക്കുറിച്ച് ബോധമില്ലാതെ മനുഷ്യൻ ഇന്നു ചെയ്യുന്ന പാപങ്ങൾപ്പോലെ ആദിമ മാതാപിതാക്കളായ ആദാമും ഹവ്വയും പാപത്തിലകപ്പെട്ട് നിത്യ ശിക്ഷാവിധിക്ക് വിധേയരായി തീർന്നു(റോമർ. 5:12). മനുഷ്യന്റെ പാപം അവന്റെ ആത്മാവിനെയും ജീവനെയും ശരീരത്തെയും ബാധിച്ചു. ആകയാൽ പാപത്തെ വെറുക്കുന്ന പരിശുദ്ധ ദൈവം പാപിയെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കാതെ നരക ശിക്ഷക്ക് വിധിച്ചു. നരക യാതനയിലേക്ക് പോകുവാൻ മനുഷ്യന് താല്പര്യമില്ല ദൈവത്തിന് ഒട്ടും താല്പര്യമില്ല കാരണം മനുഷ്യൻ പിശാചിനാൽ വഞ്ചിക്കപ്പെട്ടവനാകയാലും ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചിരിക്കയാലും സ്നേഹിച്ചു. പാപത്തെ ശിക്ഷിച്ച് പാപിയെ രക്ഷിക്കുവാൻ തന്റെ ഏകജാതനായ പുത്രനെ ഈ ലോകത്തിലേക്ക് പ്രവേശിപ്പിച്ചു (യോഹന്നാൻ.3:16, എബ്രായർ. 1:6).

ആത്മരക്ഷയായിരുന്നു യേശുക്രിസ്തുവിന്റെ ജഡാവതാരത്തിന്റെ പരമമായ ലക്ഷ്യം. ക്രിസ്തു ജഡരൂപത്തിൽ പാപശിക്ഷകൾ എല്ലാം അനുഭവിച്ച് മരിച്ചു അടക്കപ്പെട്ട് ഉയിർത്തെഴുന്നെറ്റു. അതു മുഖാന്തരം നിത്യതയിലെക്കുള്ള വാതായനം ക്രിസ്തു തന്റെ ശരീരത്തിലൂടെ മനുഷ്യനായി തുറന്നു. ഇത് പരിശുദ്ധാത്മാവിൽ ബോധ്യപ്പെടുന്ന മനുഷ്യന് വിശ്വാസത്താൽ പാപക്ഷമ ലഭിച്ച് നിത്യതയ്ക്ക് അവകാശിയായി തീരുന്നു (എബ്രാ. 2:11, 14, 15; 10; 19).

### 2. ദൈവം മനുഷ്യനെ കൂട്ടായ്മയ്ക്കായ് നിർമ്മിച്ചു (1.യോഹ. 1:6,7, 1 കൊരി. 1:9)

ദൈവത്തിന് മനുഷ്യനോടുകൂടെ സഹവസിക്കേണ്ടതിനാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. അതിന് തെളിവാണ് ദൈവം ഭൂമിയിലെ സകലാധികാരവും മനുഷ്യന് കൈമാറിയത് (ഉൽ.1:26), ദൈവം സൃഷ്ടിച്ചതിന് ആദ്യം ദൈവം പേരുനല്കിയിരുന്നെങ്കിലും മനുഷ്യനെ സൃഷ്ടിച്ചശേഷം മനുഷ്യനാണ് പേര് നല്കിവരുന്നത് അത് ഇന്നുവരേയും തുടരുന്നു. ഉല്പത്തി. 3:8 ൽ ദൈവം മനുഷ്യന്റെ അരികിൽ അവനുമായി കൂട്ടായ്മ അനുഭവിക്കുവാൻ വരുന്നത് കാണുവാൻ കഴിയും. എന്നാൽ പാപിയുമായുള്ള കൂട്ടായ്മ ദൈവം ആഗ്രഹിക്കുന്നില്ല, അതിനാൽ പാപപരിഹാരത്തിനായ് ഭൂമി മധ്യ ദൈവാലയവും യാഗങ്ങളും ഉത്സവങ്ങളും പുരോഹിതന്മാരും പഴയനിയമത്തിൽ യിസ്രായേലിനുവേണ്ടി ദൈവം നിയമിച്ചിരുന്നു. യിസ്രായേലിന്റെ പാപം നിമിത്തം അവരുമായുള്ള കൂട്ടായ്മ ഉപേക്ഷിച്ചതായി പ്രവചന ഗ്രന്ഥങ്ങളിൽ കാണുവാൻ കഴിയുന്നു. എന്നാൽ ആ കൂട്ടയ്മാ ബന്ധം പുതുക്കപ്പെടുന്നത് അവിടുത്തെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തത്താൽ പാപമോചനം പ്രാപിച്ചവർക്കാണ്(യോഹ.1:6,7), അവർ സ്വർഗ്ഗത്തിൽ ദൈവത്തോടൊപ്പം കൂട്ടായ്മ അനുഭവിക്കും (വെളി. 21: 22-27).

ചില വ്യക്തികളുടെ സംശയമാണ് ആത്മാവിന് ബോധമുണ്ടാകുമോ?, മരണശേഷം ശരീരമില്ലാത്തതിനാൽ എല്ലാക്കാര്യങ്ങളും അറിയുവാൻ കഴിയുമോ? എന്നിവ. മരണശേഷം ശരീരമാണ് അബോധാവസ്ഥയിലെക്ക് പോകുന്നത്, ആത്മാവ് സുബോധത്തോടെ ദൈവത്തിന്റെ അടുക്കൽ പോകുന്നു ഉദാ: ലാസറും ധനവാനും(ലൂക്കോസ്.16:19-31). അന്ത്യന്യായവിധി വേളയിൽ മനുഷ്യർ തങ്ങൾക്കുണ്ടായിരുന്ന ശരീരത്തോടെ ഉയിർത്ത് ന്യായവിധി അനുഭവിക്കേണ്ടി വരും.

### 3. ദൈവത്തെ മനുഷ്യൻ ആരാധിക്കുവാനാണ് നിർമ്മിക്കപ്പെട്ടത് ( യോഹ 4: 24)


ദൈവം ആത്മാവാകയാൽ ദൈവത്തെ മനുഷ്യൻ ആത്മാവിലും സത്യത്തിലും ആരാധിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു(യോഹന്നൻ.4:24). പഴയനിയമത്തിൽ ഹാബേൽ തുടങ്ങി ഭക്തന്മാർ ദൈവം നല്കിയ മാതൃകപ്രകാരമാണ് ആരാധിച്ചത്. ആ ആരാധനകളിൽ ദൈവം നിർദ്ദേശിച്ച വ്യക്തികൾ, യാഗം, സ്ഥലം എന്നിവ നിർബന്ധമായിരുന്നു. കർത്താവ് നമുക്കായ് വെറും ഭൗമീക ദ്രവ്യങ്ങളല്ല നല്കിയത്, സ്വന്തം ജീവനാണ്, ആകയാൽ നാം ആയുഷ്കാലം മുഴുവനും നീതിയും വിശുദ്ധിയുമുള്ള ആരാധന അർപ്പിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു (ലൂക്കോ. 1: 74). വെളിപ്പാട് 22:3 ൽ ദൈവദാസന്മാർ അറുക്കപ്പെട്ട കുഞ്ഞാടിനെ കണ്ടുകൊണ്ട് നിത്യ കാലം ആരാധിക്കും എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

ആത്മാവുള്ള മനുഷ്യനെക്കുറിച്ചുള്ള ദൈവീക ഉദ്ദേശങ്ങളിൽ ചിലതാണ് നം ചിന്തിച്ചത്, ഈ ചിന്തകളാൽ ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. ആമേൻ

sV

ധ്യാനചിന്ത

# എന്റെ ആത്മാവേ, നീ എന്തിനു വിഷാദിക്കുന്നു?



ഡോ.മാത്യു വർഗ്ഗീസ്
നാഗ്പൂർ

“എന്റെ ആത്മാവേ, നീ എന്തിനു വിഷാദിക്കുന്നു? നീ അന്തരംഗത്തിൽ എന്തിന് അസ്വസ്ഥനായിക്കഴിയുന്നു? ദൈവത്തിൽ പ്രത്യാശയർപ്പിക്കുക, എന്റെ രക്ഷകനും എന്റെ ദൈവവുമേ, ഞാൻ ഇനിയും അവിടത്തെ വാഴ്ത്തും”(സങ്കീർത്തനം .42:5, Malyalam Contemporary Version).

ജീവിതത്തിലെ ഏറ്റവും പ്രയാസമേറിയതും നിരാശാജനകവുമായ കാലഘട്ടങ്ങളിൽ പോലും, ദൈവം നമ്മോടൊപ്പമുണ്ട്, അവിടന്നു നമ്മെ ശ്രദ്ധിക്കുന്നുണ്ട്.

ദൈവത്തോട് സത്യസന്ധത പുലർത്താനുള്ള ഒരു



മാർഗമായി നാം തിരുവെഴുത്തുകളിൽ കാണുന്ന ഒന്നാണ് വിലാപ സങ്കീർത്തനങ്ങൾ. നാട്യങ്ങളൊന്നും കൂടാതെ, നാം ആയിരിക്കുന്ന യഥാർത്ഥ അവസ്ഥയെക്കുറിച്ചു ലജ്ജയോ ഭയമോ കൂടാതെ, ദൈവത്തോടു അടുത്തുചെല്ലാം! അവിടുത്തെ സന്നിധിയിൽ ഒന്നും മറഞ്ഞിരിക്കുന്നില്ല, മറച്ചു വെയ്ക്കാൻ കഴിയുന്നതുമല്ലല്ലോ!

നമ്മുടെ ഹൃദയത്തിന്റെ ആഴത്തിലുള്ള വികാരങ്ങളും പരാതികളും കൈകാര്യം ചെയ്യാൻ ദൈവത്തിനു കഴിയും. നമ്മുടെ യഥാർത്ഥ അവസ്ഥയെക്കുറിച്ചു കൃത്യമായി ദൈവത്തോട് പറഞ്ഞുകൊണ്ട് നമ്മുടെ ബലഹീനതകൾ പ്രകടിപ്പിക്കുന്നതിനുള്ള ഒരു മാർഗമാണ് വിലാപ സങ്കീർത്തനങ്ങൾ.

42-ാം സങ്കീർത്തനം ഒരു വിലാപ സങ്കീർത്തനമാണ്. എഴുത്തുകാരന്റെ അന്നത്തെ അവസ്ഥയുടെ നൈരാശ്യങ്ങളെക്കുറിച്ചുള്ള ഒരു ഗാനമാണിത്.

ജീവിതത്തിൽ അനുഭവപ്പെടുന്ന അഗാധമായ ദു:ഖത്തെക്കുറിച്ചും സങ്കടത്തെക്കുറിച്ചും അത് സംസാരിക്കുന്നു. എന്തുകൊണ്ടാണ് താൻ ഇത്രമേൽ നൈരാശ്യത്തിൽ നിപതിച്ചിരിക്കുന്നതെന്ന് ഈ സങ്കീർത്തനത്തിന്റെ രചയിതാവിന് അറിയില്ല. എന്തുകൊണ്ടാണ് ചില കാര്യങ്ങൾ തനിക്ക് സംഭവിക്കുന്നതെന്ന് അദ്ദേഹത്തിന് ഉറപ്പില്ല. അങ്ങനെ അവൻ പ്രാർത്ഥനയിലൂടെയും പാട്ടിലൂടെയും ദൈവത്തിന്റെ അടുത്തെത്തുന്നു, തന്റെ ആത്മാവിന്റെ ആഴത്തിലുള്ള അനുഭവങ്ങൾ പ്രകടമാക്കുന്നു.

വിലാപസങ്കീർത്തനങ്ങളുടെ മറ്റൊരു ലക്ഷ്യം, ജീവിതത്തിന്റെ നൈരാശ്യങ്ങളെ ദൈവത്തിൽ നമുക്കുള്ള പ്രത്യാശയുമായി ബന്ധിപ്പിക്കുക എന്നതാണ്. നമ്മുടെ ഇന്നത്തെ സാഹചര്യത്തിനും നിറവേറപ്പെടേണ്ടതിനായി നാം ആർത്തിയോടെ കാത്തിരിക്കുന്ന വാഗ്ദാനങ്ങൾക്കും ഇടയിലുള്ള ഒരു പാലമായി വിലാപസങ്കീർത്തനങ്ങൾ പ്രവർത്തിക്കുന്നു.

ഈ സങ്കീർത്തനത്തിന്റെ രചയിതാവ് സ്വന്തം ആത്മാവിനോട് സംസാരിക്കുകയും ദൈവത്തിൽ പ്രത്യാശ തുടരാൻ സ്വയം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഒരു ഋതുവും ശാശ്വതമായി നിലനിൽക്കില്ലെന്ന് അദ്ദേഹത്തിനറിയാം; സന്തോഷം നമുക്കു കരഗതമാകുന്ന ഒരു സമയം വരും!

ദുഃഖത്തിന്റെയും വേദനയുടെയും ഋതുക്കളിലൂടെ നാമെല്ലാവരും കടന്നുപോകും. ഗ്രീഷ്മത്തിനു പിറകെ വർഷകാലം വരും, വർഷകാലത്തിനു ശേഷം ശരത്കാലമുണ്ടെന്നും വസന്തവും ഹേമന്തവുമെല്ലാം അതതു സമയങ്ങളിൽ വരുമെന്നു വിശ്വസിക്കാം, പ്രസിദ്ധഗാനത്തിൽ പറയുന്നതുപോലെ “ഒരുമഴയും തോരാതിരുന്നിട്ടില്ല, ഒരുകാറ്റും അടങ്ങാതിരുന്നിട്ടില്ല!” ഇന്നത്തെ വേദനയുടെയും നൈരാശ്യത്തിന്റെയും അനുഭവം ആനന്ദത്തിന്റെയും ആഘോഷത്തിന്റെയും അനുഭവത്തിനു വഴിമാറുമെന്നു നമുക്കറിയാം, ഏതവസ്ഥയിലും നമുക്ക് ഒരു വഴികാട്ടിയായി സങ്കീർത്തനങ്ങൾ ഉണ്ടാകും. “അങ്ങയുടെ വചനം എന്റെ പാദങ്ങൾക്കു ദീപവും, എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു.” (സങ്കീ 119:105).

ദൈവസന്നിധിയിൽ വന്ന് ആത്മാർത്ഥമായി സ്വന്തം അവസ്ഥ അവിടത്തോടു അറിയിക്കുക എന്നതാണ് ആദ്യപടി. നിങ്ങൾക്ക് യഥാർത്ഥത്തിൽ എന്തു തോന്നുന്നുവെന്ന് കൃത്യമായി അവിടത്തോടു പറയുക.

അടുത്തപടി, അവിടത്തെ വചനത്തിൽ അവിടന്നു നമുക്കു നൽകിയിരിക്കുന്ന വാഗ്ദാനങ്ങൾ ഓർക്കുക എന്നതാണ്. ദൈവം നിങ്ങളെ എത്രമാത്രം സ്നേഹിക്കുന്നുവെന്നും എത്രമാത്രം അവിടന്ന് നിങ്ങൾക്കായി കരുതുന്നുണ്ടെന്നും നമ്മുടെ സ്വയത്തോടു തന്നെ വിവരിക്കുക.

അവസാനത്തെ പടിയായി, ദൈവത്തിൽ പ്രത്യാശവെക്കാൻ നിങ്ങളെത്തന്നെ പ്രോത്സാഹിപ്പിക്കുക. നിങ്ങളുടെ നിലവിലെ സാഹചര്യങ്ങൾക്കിടയിലും സ്തുതിഗീതങ്ങൾ ആലപിക്കാൻ കഴിയട്ടെ! SV

ശാസ്ത്രലോകം

# ബൈബിളിലെ ശാസ്ത്രീയ കൃത്യത

ചരിത്രത്തിലെ മറ്റേതൊരു രേഖകളിൽ നിന്നും വ്യത്യസ്തമാണ് ബൈബിൾ. ശാസ്ത്രത്തെക്കുറിച്ച് ഉന്നയിക്കുന്ന ഓരോ അവകാശവാദവും ശരി മാത്രമല്ല, പ്രപഞ്ചം, ഭൂമി, ഫോസിലുകൾ, ജീവൻ, മനുഷ്യർ എന്നിവയുടെ ഉത്ഭവത്തെക്കുറിച്ചുള്ള നമ്മുടെ ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരം കണ്ടത്താനും നമ്മെ സഹായിക്കുന്നു. ലോകത്തെ കുറിച്ച് നാം എത്രയധികം പഠിക്കുന്നുവോ അത്രയധികം ബൈബിളിന്റെ കുറ്റമറ്റതും അമാനുഷികവുമായ സ്വഭാവം നാം മനസ്സിലാക്കുന്നു.



ബൈബിൾ ഒരിക്കലും ഒരു ശാസ്ത്ര പാഠപുസ്തക മാണെന്ന് അവകാശപ്പെടുന്നില്ല. എന്നിരുന്നാലും, 'ആരംഭം മുതൽ സത്യമാണ്'എന്ന് ബൈബിൾ അവകാശപ്പെടുന്നു(സങ്കീർത്തനം.119:160), അതിനാൽ ശാസ്ത്രത്തെക്കുറിച്ചുള്ള ഓരോ പ്രത്യേക പരാമർശവും കൃത്യമായിരിക്കും.

**നരവംശശാസ്ത്രം:** എല്ലാ മനുഷ്യരും ഒരു പുരുഷനിൽ നിന്നും ഒരു സ്ത്രീയിൽ നിന്നും ഉണ്ടായ 'ഒരു രക്തം' ആണെന്ന് ബൈബിൾ അവകാശപ്പെടുന്നു (പ്രവൃത്തികൾ 17:26;1കൊരിന്ത്യർ.15:45; ഉല്പത്തി.3:20). പത്തൊൻപതാം നൂറ്റാണ്ടിലെ ചില ജീവശാസ്ത്രജ്ഞർ വ്യത്യസ്ത വംശങ്ങൾ മൃഗങ്ങളിൽ നിന്ന് ഉത്ഭവിച്ചതാണെന്ന് വാദിച്ചു, എന്നാൽ ഇന്ന് ജനിതകശാസ്ത്രം ഒരു മനുഷ്യവംശമേ ഉള്ളൂവെന്ന് സ്ഥിരീകരിച്ചു കഴിഞ്ഞു.

**ജീവശാസ്ത്രം:** ദൈവം മൃഗങ്ങളെ "അവരുടെ തരം അനുസരിച്ച്" സൃഷ്ടിച്ചതായി ബൈബിൾ അവകാശപ്പെടുന്നു . പത്തൊൻപതാം നൂറ്റാണ്ടിലെ ജീവശാസ്ത്രജ്ഞർ മനുഷ്യൻ മൃഗങ്ങളിൽ നിന്ന് പരിണമിച്ചുവെന്ന് വാദിച്ചു, എന്നാൽ ഇന്ന് ജീവശാസ്ത്രം സ്ഥിരീകരിക്കുന്നത് ജീവികൾ അവരുടേതായ തരത്തിൽ തന്നെ പുനർനിർമ്മിക്കുന്നു എന്നാണ്.

**ഭൂമിശാസ്ത്രം:** ലോകമെമ്പാടുമുള്ള വെള്ളപ്പൊക്കത്തിൽ ദൈവം ഭൂമിയെയും അതിൽ വസിച്ചിരുന്ന ജീവികളെയും നശിപ്പിച്ചതായി ബൈബിൾ അവകാശപ്പെടുന്നു. പാറ പാളി കളിലും മറ്റുമുള്ള ഫോസിലുകൾ വിനാശകരമായ ഒരു ദുരന്തത്തിന്റെ ശേഷിപ്പുകളാണ ഭൗമശാസ്ത്രജ്ഞർ കണ്ടെത്തിയിരിക്കുന്നു.

**ജ്യോതിശാസ്ത്രം:** യിരെമ്യാവ് 33:22(2,500 വർഷം മുമ്പ് എഴുതിയത്): എണ്ണമറ്റ നക്ഷത്രങ്ങൾ ഉണ്ടെന്ന് ബൈബിൾ ഉറപ്പിച്ചു പറയുന്നു.

**സമുദ്രശാസ്ത്രം:** 2,800 വർഷങ്ങൾക്ക് മുമ്പ് ബൈബിൾ രേഖപ്പെടുത്തി: സമുദ്രത്തിൽ ജലപാതകൾ ഉണ്ട് . സമുദ്രശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കപ്പെടുന്ന മാത്യു മൗറി (1806–1873) സങ്കീർത്തനം 8 ലെ 'കടലിന്റെ പാതകൾ' എന്ന പ്രയോഗം ശ്രദ്ധിച്ചു . മൗറി ഈ പാതകൾ തേടി പോയി കണ്ടെത്തി!

**ക്വാറന്റൈൻ നിയമങ്ങൾ:** ലേവ്യപുസ്തകം.13:46(3,500 വർഷം മുമ്പ് എഴുതിയത്): "വ്രണമുള്ള ദിവസമെല്ലാം അവൻ അശുദ്ധനായിരിക്കും. അവൻ ശുദ്ധനല്ല; അവൻ ഏകനായി വസിക്കും; അവന്റെ വാസസ്ഥലം പാളയത്തിന് പുറത്തായിരിക്കും". സാംക്രമിക രോഗങ്ങളുള്ളവരെ ക്വാറന്റൈൻ ചെയ്യേണ്ടതിന്റെ പ്രാധാന്യം വൈദ്യശാസ്ത്രം കണ്ടെത്തുന്നതിന് വളരെ മുമ്പുതന്നെ, ബൈബിൾ അതിന് നിർദ്ദേശം നൽകിയിരുന്നു. ബിസി 1490ൽ ഒരാൾക്ക് കുഷ്ഠരോഗം പോലുള്ള ഒരു ചർമ്മരോഗം ഉണ്ടെങ്കിൽ എന്തു ചെയ്യണമെന്ന് തിരുവെഴുത്തുകൾവ്യക്തമായി പറയുന്നു.

sV

# മനുഷ്യൻ: യുക്തിബോധവും വിശ്വാസവും



തങ്കച്ചൻ മാത്യു. മാമ്മൂട്

മാനവസമൂഹത്തിന്റെ ഉറവിടം സംബന്ധിച്ച വ്യക്തവും കൃത്യവുമായ വിവരണം നല്കുന്ന ഏക ഗ്രന്ഥം വിശുദ്ധ ബൈബിൾ മാത്രമാണ്. പരിണാമശാസ്ത്രത്തിൽ അധിഷ്ഠിതമായ മനുഷ്യസൃഷ്ടിയെ വേദപുസ്തകം പാടെ നിഷേധിക്കുന്നതോടൊപ്പം, മനുഷ്യൻ ദൈ വത്തിന്റെ സവിശേഷവും വേറിട്ടതുമായ ഒരു സൃഷ്ടിയാണെന്ന സത്യം അതു വെളിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മനുഷ്യസൃഷ്ടി എന്ന പ്രതിഭാസം ദൈവത്തിന്നു വൈകിവന്ന ചിന്തയായിരുന്നില്ല; മറിച്ച്, ദൈവത്തിന്റെ വ്യക്തമായ ആലോചനയിലും തീരുമാനത്തിലും അധിഷ്ഠിതമായ ഒരു പ്രവർത്തിയായിരുന്നു.

ദൈവത്തിന്റെ നേരിട്ടുള്ളതും സവിശേഷസൃഷ്ടിയുമായ മനുഷ്യൻ ദൈവത്തിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലുമാണ് സൃഷ്ടിക്കപ്പെട്ടത്. "അനന്തരം ദൈവം: 'നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക....ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു...' ( ഉല്പത്തി.1:26,27). ബാഹ്യശക്തികളുടെ സ്വാധീനമോ പരപ്രേരണയോ ഇവിടെ ഉണ്ടായിരുന്നില്ല. മുൻപുണ്ടായിരുന്ന ഏതെങ്കിലും ജീവന്റെ രൂപങ്ങളിൽനിന്നും ഉളവായി വന്നതല്ല മനുഷ്യൻ. ദൈവം നേരിട്ടു നടത്തിയ സവിശേഷവും അനിതരസാധാരണവുമായ ഒരു സൃഷ്ടിപ്പായിരുന്നു മനുഷ്യന്റേത്.

മനുഷ്യസൃഷ്ടിപ്പിന്റെ വിശദാംശങ്ങൾ പിന്നീട് ബൈബിൾ വെളിപ്പെടുത്തുന്നത് വളരെ ശ്രദ്ധേയമാണ്. "യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു"(ഉല്പത്തി. 2:7; cf. 5:1,3). മനുഷ്യൻ, അഭൗതികവും ഭൗതികവുമായ ഘടകങ്ങളാൽ ദൈവത്തിന്റെ പൂർണ്ണസാരാംശത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നാണ് ഇതിനാൽ അർഥമാക്കുന്നത്.



ശരീരം, ആത്മാവ് എന്നിവകളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന ഒരു സംയോജിത അസ്തിത്വം. ഭൂമിയിലെ പൊടി ഭൗതിക വസ്തുവായി ഭവിച്ചപ്പോൾ ദൈവീകശ്വാസം ജീവന് കാരണമായി ഭവിച്ചു. ഭൗതികമായതിൽ ശാരീരിക ഭാഗങ്ങൾ ഉൾക്കൊള്ളുമ്പോൾ അഭൗതികമായതിൽ പ്രാണൻ, ആത്മാവ്, മനസ്സ്, ഇച്ഛ മന:സാക്ഷി എന്നിവ ഉൾപ്പെടുന്നു.

മനുഷ്യൻ ജീവനുള്ള ദൈവത്തിന്റെ സ്വരൂപമാകയാൽ ദൈവത്തിന്റെ സ്വഭാവങ്ങളും ജീവനും ബുദ്ധിയും ഇച്ഛാശക്തിയും മേധാശക്തിയും സൃഷ്ടിയിൽത്തന്നെ മനുഷ്യനിൽ അന്തർലീനമാണ്. ബുദ്ധി, ഇച്ഛാശക്തി എന്നിവകളിൽ ദൈവത്തോടു സാദൃശ്യമുള്ളവനാകയാൽ ഗുണദോഷങ്ങൾ തിരിച്ചറിയുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും മനുഷ്യനു കഴിയുന്നതാണ്. ഈ യുക്തിബോധവും തീരുമാനശക്തിയും മനുഷ്യനു ദൈവത്തിൽനിന്നും ലഭിച്ചതാണ്. മനുഷ്യൻ എന്ന പദത്തിന്റെ അർഥം തന്നെ മനനം ചെയ്യുന്നവൻ അഥവാ ചിന്തിക്കുന്നവൻ എന്നാണ്. യുക്തിബോധം മനുഷ്യനിലുള്ളതുകൊണ്ടാണ് അവൻ യുക്തിപരമായി ചിന്തിക്കുന്നത്.


മനുഷ്യസൃഷ്ടിക്കു ശേഷം ദൈവം അവർക്ക് നല്കിയ നിർദേശങ്ങളിൽ നിന്നും വിശ്വാസത്തിന്റെ ആദിമചിത്രം നമുക്കു വ്യക്തമാണ് (ഉല്പത്തി. 2:16,17; cf.1:28). തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം ഇഷ്ടംപോലെ തിന്നാം; എന്നാൽ, നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും. ദൈവത്തിന്റെ ഈ വാക്കുകൾ ആദം ഹൗവ്വമാർ ഹൃദയംഗമമായി വിശ്വസിച്ചു അനുസരിക്കേണ്ടിയിരുന്നു. ഈ വിശ്വാസം ഹൃദയത്തിന്റെ ഒരു പ്രവൃത്തിയാണ്. അതിനാൽതന്നെ, ഇത് ബൗദ്ധികവും ഇച്ഛാപരവുമാണ്.

യുക്തിയും വിശ്വാസവും തമ്മിൽ പൊതുവെ സംഘർഷങ്ങളില്ല. ചിലർ യുക്തിയെ പ്രകൃത്യാതീതവും ദൈവികവുമായ വസ്തുതകളെ അറിയാനും വിശ്വസിക്കാനും ഉപയോ ഗിക്കുമ്പോൾ മറ്റു ചിലർ അതിനെ അത്തരം അറിവുകളെയും വിശ്വാസങ്ങളേയും നിഷേധിക്കുവാൻ ഉപയോഗിക്കുന്നു എന്നുമാത്രം. യുക്തി ഉപയോഗിച്ചു അറിയുവാനും അംഗീകരിക്കാനും കഴിയാത്തതിനെ നാം വിശ്വാസത്താൽ അറിയുകയും അംഗീകരിക്കയുമാണ്. തത്വചിന്തകൻ ആൻസലത്തിന്റെ 'അറിയുവാൻവേണ്ടി വിശ്വസിക്കുക' എന്ന വാക്കുകൾ ഇവിടെ പ്രസക്തമാണ്. വിശ്വാസത്തിന്റെ യുക്തിപരമായ തലങ്ങൾ തിരുവെഴുത്തിലുടനീളം നാം കാണുന്നുണ്ട്. പ്രകൃതിയിലൂടെയുള്ള ദൈവത്തിന്റെ വെളിപ്പെടുത്തലുകളും തിരുവെഴുത്തിലൂടെയുള്ള ദൈവത്തിന്റെ വെളിപ്പാടുകളും വിശ്വസിക്കുന്നതാണ് വിശ്വാസത്തിന്റെ യുക്തിപരമായ മേഖല. വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു എന്നാണ് വ്യക്തമാക്കുന്നത്(റോമർ.10:17).

മനുഷ്യന്റെ യുക്തിബോധത്തിൽനിന്നും യുക്തിപരമായ വിശ്വാസത്തിൽനിന്നുമാണ് വിശ്വാസിക്കുവാനുള്ള ഉൾപ്രേരണ ഉണ്ടാകുന്നത്. വിശ്വാസത്തിന്നു ദൈവികവും മാനുഷികവുമായ തലങ്ങൾ ഉണ്ടെങ്കിലും, വിശ്വാസത്തിന്റെ ഉറവിടം ആത്യന്തികമായി ദൈവത്തിലാണ്. മനുഷ്യന്റെ യുക്തിബോധവും വിശ്വാസവും ദൈവസൃഷ്ടിയാൽ മനുഷ്യനിലേക്ക് ദൈവത്തിൽനിന്നും പകരപ്പെട്ട വിശേഷവിധിയായ കഴിവുകളാണ്. sV

*"മർത്യനെ നീ ഓർക്കേണ്ടതിന്നു അവൻ എന്തു? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന്നു അവൻ എന്തുമാത്രം? നീ അവനെ ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി, തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു. നിന്റെ കൈകളുടെ പ്രവൃത്തികൾക്കു നീ അവനെ അധിപതിയാക്കി, സകലത്തെയും അവന്റെ കാൽക്കീഴെയാക്കിയിരിക്കുന്നു" (സങ്കീർത്തനങ്ങൾ.8:4-6).*

# മനുഷ്യന്റെ ഉത്ഭവം



ബിനു ആർ.വി
കട്ടളപ്പാറയിൽ

19ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന Ludwig Von Feuerbach എന്ന നിരീശ്വരവാദിയുടെ വളരെ സ്വാധീനം ചെലുത്തിയിട്ടുള്ള പ്രസ്താവന ഇപ്രകാരമാണ്, “ദൈവം നമ്മെ സൃഷ്ടിച്ചതല്ല പ്രത്യുത നാം നമ്മുടെ ഭാവനയിൽ ദൈവത്തെ സൃഷ്ടിച്ചു” എന്നാണ്. ഈ ചിന്താധാര കാറൽ മാക്സ് രാഷ്ട്രീയപരമായും സിക്മൺ ഫ്രായിഡ് മനശാസ്ത്രപരമായും Friedrich Nietzsche താത്വികമായും ഉപയോഗിച്ചു.



ജന്തുശാസ്ത്ര വിദഗ്ധനും ചിന്തകനുമായിരുന്ന ചാൾസ് ഡാർവിന്റെ വീക്ഷണമനുസരിച്ച് ജീവശാസ്ത്രപരമായി മനുഷ്യൻ കുരങ്ങ് എന്ന ജന്തുവിൽ നിന്നും പരിണമിച്ച് വന്നു എന്നാണ് (Evalution). ഇങ്ങനെ മനുഷ്യൻ തന്റെ പരിമിതമായ ബുദ്ധിയുടെ പരിമിതിയിൽ നിന്നുകൊണ്ട് മനുഷ്യന്റെ ഉത്ഭവത്തെക്കുറിച്ച് ചിന്തിച്ചു കൊണ്ടിരിക്കുന്നു.

ഭൂമിയിലെ മറ്റു ജീവികളിൽനിന്നും ഏറ്റവും കൂടുതൽ മസ്തിഷ്ക വികാസം പ്രാപിച്ച ഒരു വ്യക്തിത്വമാണ് മനുഷ്യൻ. ശാസ്ത്രീയമായി ഹോമോസാപിയെൻസ് എന്നറിയപ്പെടുന്നു. വിവേചന ബുദ്ധിയും മാനസികവും സാംസ്കാരികവുമായ പുരോഗതി പ്രാപിച്ച മനുഷ്യൻ, ഇന്ന് ഭൂമിയിലുള്ള മറ്റേതൊരു ജീവജാലത്തെക്കാളും വളർച്ച കൈവരിച്ചിരിക്കുന്നു. മറ്റു ജീവജാലങ്ങൾ ആശയവിനിമയം നടത്തുമെങ്കിലും ഭാഷ ഉപയോഗിച്ച് ആശയവിനിമയം ചെയ്യുന്ന ഏക വ്യക്തിത്വമാണ് മനുഷ്യൻ. യന്ത്രങ്ങളുടെ നിർമ്മാണവും അതുപയോഗിച്ചുകൊണ്ടുള്ള ജോലികളും ചെയ്യുന്നത് മനുഷ്യർ മാത്രമാണ്. ഭൂമിക്ക് പുറത്ത് ശൂന്യാകാശത്തിലും ചന്ദ്രനിലും വരെ സന്ദർശനം നടത്തുവാൻ മനുഷ്യനു കഴിഞ്ഞു.

## മനുഷ്യൻ എന്ന വാക്ക്

“മനുഷ്യൻ” എന്ന വാക്കിന് “മനനം ചെയ്യാൻ കഴിവുള്ളയാൾ” എന്നാണർത്ഥം. മനുഷ്യന് ഉപയോഗിച്ചിട്ടുള്ള മറ്റൊരു നാമമാണ് “മർത്യൻ” ഈ വാക്കിന് “മരിച്ചു പോകുന്നയാൾ” എന്നാണർത്ഥം. സംസ്കൃത പദമായ ‘മനു’വിൽ നിന്നാണ് ‘മനുഷ്യൻ’ എന്ന മലയാള പദം ഉണ്ടായത്. ‘മനു’ എന്നത് മനഃ(മനസ്സ്) എന്ന മൂലപദത്തിൽ നിന്നാണ് ഉരുത്തിരിഞ്ഞിരിക്കുന്നത്. ആംഗലേയ പദമായ ‘മാൻ’(Man) എന്നതും, ആദി ജർമ്മൻ പദമായ ‘Mannaz’(മാന്നസ്)എന്നതും ഇതേ മൂലപദത്തിൽ നിന്നുതന്നെ ഉത്ഭവിച്ചതാണ്.

മനുഷ്യനെക്കുറിക്കുവാൻ പ്രധാനപ്പെട്ട ആറു വാക്കുകൾ ബൈബിളിൽ പ്രയോഗിച്ചിട്ടുണ്ട്: പഴയനിയമത്തിൽ നാലും (ആദാം, ഈഷ്, എനോഷ്, ഗെവെർ), പുതിയനിയമത്തിൽ രണ്ടും (അന്ത്രാപൊസ്, അനീർ). മനുഷ്യനെക്കുറിക്കുന്ന പ്രധാന എബ്രായ പദം 'ആദാം' ചെമ്മണ്ണ് എന്നർത്ഥം. മൂന്നു പ്രധാന ആശയങ്ങളിൽ 'ആദാം' പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. 1. സംജ്ഞാനാമം: ആദ്യമനുഷ്യന്റെ പേരാണിത്(ലൂക്കൊ, 3:38; റോമ, 5:14; 1കൊരി, 15:45; 1തിമൊ, 2:1314). 2. സാമാന്യനാമം: സ്ത്രീയും പുരുഷനും ഉൾപ്പെടുന്നു (ഉല്പ, 1:2627; 5:1; ആവ, 8:3). 3. ആൺ: സ്ത്രീയുടെ വിപര്യായം(ഉല്പ .3:12). പുരുഷൻ എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന പദമാണ് 'ഈഷ്.' ഉത്തമ ഗുണമുള്ള മനുഷ്യനെ കുറിക്കുവാൻ ഈ പദം ഉപയോഗിക്കുന്നു(യിരെ, 5:1). ദുർബ്ബലൻ, മർത്ത്യൻ എന്നീ ആശയങ്ങളാണ് 'എനോഷി'നുള്ളത്. ശക്തിയുമായി ബന്ധപ്പെടുത്തി മനുഷ്യനെ കുറിക്കുന്ന പദമാണ് 'ഗെവെർ.' മനുഷ്യനെക്കുറിക്കുന്ന ഗ്രീക്കു പദങ്ങളാണ് അന്ത്രോപൊസ്(നരൻ), അനീർ (പുരുഷൻ) എന്നിവ. മനുഷ്യന്റെ ഏഴ് അവസ്ഥകളെക്കുറിക്കുവാൻ ഏഴു പദങ്ങൾ ഗ്രീക്കിൽ പ്രയോഗിച്ചു കാണുന്നു. അവ:1. പൈഡിയൊൻ–ശിശു.2.പൈസ്–ബാലൻ. 3.മൈരാകിയൊൻ –കുമാരൻ. 4.നെയാനിസ്കൊസ് –യുവാവ്. 5.അനീർ–പുരുഷൻ. 6.പ്രെസ്ബ്യൂട്ടിസ് – മൂപ്പൻ. 7.ഗെരോൻ –വൃദ്ധൻ.

## മനുഷ്യസൃഷ്ടി

"നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു. ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു."(ഉല്പ, 1:26,27). ഒന്നുമില്ലായ്മയിൽ നിന്നുള്ള സൃഷ്ടിക്ക് എബ്രായയിൽ ഉപയോഗിക്കുന്ന പ്രയോഗം 'ബാറാ' ആണ്. ആകാശം, ഭൂമി(ഉല്പ..1:1), തിമിംഗലങ്ങൾ, ജീവജന്തുക്കൾ(ഉല്പ.1:21) മനുഷ്യൻ (ഉല്പ, 1:27) എന്നിവയുടെ സൃഷ്ടിയെ കുറിക്കുന്നതിന് 'ബാറാ' ആണു പ്രയോഗിച്ചിട്ടുള്ളത്. ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു. ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചു അഥവാ രൂപം നല്കി(ഉല്പ.2:7;സഭാ.12:7). മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു(ഉല്പ, 2:7). ബാറാ, ആസാ, യാറ്റ്സർ എന്നിങ്ങനെ മൂന്ന് എബ്രായ ധാതുക്കളാണ് മനുഷ്യസൃഷ്ടിയോടുള്ള ബന്ധത്തിൽ യഥാസ്ഥാനങ്ങളിൽ പ്രയോഗിച്ചിട്ടുള്ളത്. ഇവ മൂന്നും യെശയ്യാവ്.43:7ൽ അടുത്തടുത്തായി കാണാം. എന്റെ മഹത്വത്തിന്നായി സൃഷ്ടിച്ചു(ബാറാ –ഒന്നുമില്ലായ്മയിൽ നിന്നും നിർമ്മിച്ചു) നിർമ്മിച്ചു (ആസാ–രൂപം നല്കി) ഉണ്ടാക്കി (യറ്റ്സർ). ഇങ്ങനെ ദൈവം മനുഷ്യനെ സൃഷ്ടിച്ചു(ഉല്പ.1:27;5:1;ആവ .4;32; സങ്കീ. 104:30; യെശ. 45:12, 1കൊരി.11:9). നിലത്തെ പൊടിയിൽ നിന്നാണ് മനുഷ്യനെ നിർമ്മിച്ചത്. (ഉല്പ .1:26; 2:22; 6:6; സങ്കീ. 100:3; 103:14; 1തിമൊ.2:13). ദേഹത്തെ സംബന്ധിച്ചിടത്തോളം മനുഷ്യൻ പൊടിയിൽനിന്നു നിർമ്മിക്കപ്പെട്ടവനാണ്. എന്നാൽ മനുഷ്യനിലെ അഭൗമഘടകം ദൈവശ്വാസത്തിൽ നിന്നും ലഭിച്ചതത്ര(ഉല്പ.2:7; ഇയ്യോ. 33:4, സഭാ. 12:7).

## ദൈവസ്വരൂപവും ദൈവസാദൃശ്യവും

ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു(ഉല്പ1:27; 5:1). സ്വരൂപത്തിനും(റ്റ്സെലെം), സാദൃശ്യത്തിനും(ദെമൂത്) ഉപയോഗിച്ചിട്ടുള്ള എബ്രായ പദങ്ങൾക്കു തമ്മിൽ സാരമായ അർത്ഥ വ്യത്യാസമില്ല. അവ സാധാരണ പര്യായങ്ങളായി മാത്രമേ കരുതപ്പെടുന്നുള്ളൂ. യവന, ലത്തീൻ സഭാപിതാക്കന്മാർ സ്വരൂപത്തെ (ഗ്രീ. ഐകോൻ; ല. ഇമാഗോ) ദൈവസാദൃശ്യത്തിന്റെ ഭൗതികവശമായും, സാദൃശ്യത്തെ (ഗ്രീ. ഹൊമൊയിയോസിസ്) നൈതികവശമായും വ്യാഖ്യാനിച്ചിരുന്നു. ദൈവത്തിന്റെ സാദൃശ്യം എന്താണെന്നു വ്യക്തമാക്കുക പ്രയാസമാണ്. അതു ശരീരരൂപമോ (ദൈവത്തിനു ശരീരമില്ല) നിവർന്നു നില്ക്കാനുള്ള കഴിവോ അല്ല; മറിച്ച്, ദൈവത്തിന്റെ ആത്മ പ്രകൃതിയാണ്. ദൈവ സ്വരൂപം ഒരിക്കലും മൂർത്തമല്ല; കാരണം ദൈവം ആത്മാവാണ്. ആത്മാവിന്റെ ഗുണങ്ങളാണ് വിവേകം, മനഃസ്സാക്ഷി, ഇച്ഛാശക്തി തുടങ്ങിയവ. തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കയിലൂടെ ദൈവം മനുഷ്യനു നല്കിയത് സ്വന്തം ഗുണങ്ങളായ വിവേകവും മനസ്സാക്ഷിയും ഇച്ഛാശക്തിയുമത്രേ. ദൈവസാദൃശ്യത്തിലൂടെ മനുഷ്യനു തന്റെ സൃഷ്ടാവായ ദൈവത്തോടു ബന്ധപ്പെടുവാൻ കഴിയുന്നു. ദൈവസാദൃശ്യം പാപത്താൽ നഷ്ടപ്പെട്ടു. പുതുജനനത്തോടുകൂടി സൃഷ്ടാവിന്റെ പ്രതിമപ്രകാരം ഒരു പുതിയ മനുഷ്യനെ നാം ധരിക്കുന്നു(കൊലൊ.3:10;എഫെ.4:24). മനുഷ്യന്റെ നൈതികപ്രകൃതി ദൈവസാദൃശ്യത്തിന്റെ ഭാഗമാണ്. ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു(സഭാ.7:29). ദൈവത്തിന്റെ സാദൃശ്യം മനുഷ്യന്റെ നിത്യതയെ വെളിപ്പെടുത്തുന്നു. മനുഷ്യന് അവസാനമില്ല. അവനെ ഉന്മൂലനം ചെയ്യാൻ ആർക്കും കഴിയുകയില്ല. ഒന്നുകിൽ നിത്യദണ്ഡനത്തിലേക്ക്, അല്ലെങ്കിൽ നിത്യജീവനിലേക്കു അവൻ പോകുന്നു(മത്താ. 25:46).

## മനുഷ്യന്റെ വീഴ്ച

ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു അവനെ ഏദൻ തോട്ടത്തിലാക്കി. വിശുദ്ധനായി സൃഷ്ടിക്കപ്പെട്ട ആദാമിനു തന്റെ വിശുദ്ധി ഒരു പരിശോധനയിലൂടെ തെളിയിക്കണമായിരുന്നു. ഏദൻ തോട്ടത്തിന്റെ നടുവിലുള്ള നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ

വൃക്ഷഫലം ഭക്ഷിക്കരുതു എന്നായിരുന്നു കല്പന. സാത്താന്റെ പ്രലോഭനം ഹേതുവായി ഹവ്വ വഞ്ചിക്കപ്പെട്ടു. തുടർന്നു അവൾ തന്നെ പരീക്ഷകയായി ആദാമിനും വൃക്ഷഫലം കൊടുത്തു. ദൈവകല്പന മനഃപൂർവ്വം ലംഘിച്ചത് ആദാമാണ്. ആദാമിന്റെ വീഴ്ചയിലൂടെ മനുഷ്യവർഗ്ഗം മുഴുവൻ പാപത്തിനു വിധേയമായി; ഭൂമി ശപിക്കപ്പെട്ടു. പാപത്തിൽ വീഴുന്നതിനു മുമ്പ് ദൈവതേജസ്സ് അവരെ ആവരണം ചെയ്തിരുന്നു. പാപം നിമിത്തം ദൈവതേജസ്സ് നഷ്ടപ്പെട്ടു(റോമ.3:23). ദൈവസന്നിധിയിൽ നിന്ന് അവർ ഓടിയൊളിച്ചു(ഉല്പ 3:810). ആദാമിനെയും ഹവ്വയെയും തോട്ടത്തിൽ നിന്നു പുറത്താക്കി. ശാരീരികവും ആത്മീയവുമായ മരണവും നിത്യമരണവും പാപം നിമിത്തമുണ്ടായി. വീഴ്ചയോടുകൂടി മനുഷ്യന് പാപം ചെയ്യാതിരിക്കാനുള്ള കഴിവ് നഷ്ടപ്പെട്ടു;

## മനുഷ്യനും പ്രകൃതിയും

സൃഷ്ടിടിയുടെ മകുടമാണ് മനുഷ്യൻ. മറ്റു സൃഷ്ടികളെല്ലാം പൂർണ്ണത നേടുന്നത് മനുഷ്യനിലൂടെയാണ്. പൊടിയും പൊടിയാൽ നിർമ്മിക്കപ്പെട്ടവനുമാകയാൽ ജീവശാസ്ത്രപരമായും ഭൗതികമായും മനുഷ്യൻ പ്രകൃതിയോടു ബന്ധപ്പെട്ടിരിക്കുന്നു(ഉല്പ .18:27; ഇയ്യോ.10:89; സങ്കീ .103:14; സഭാ. 3:1920; 12:57). ജഡമാകയാൽ മറ്റു സൃഷ്ടികളെപ്പോലെ ദൈവത്തെ ആശ്രയിക്കുവാനുള്ള നിസ്സഹായത മനുഷ്യനുണ്ട്(യെശ, 2:22; 40:6; സങ്കീ, 103:15; 104:2730). മനുഷ്യൻ പ്രകൃതി നിയമങ്ങൾക്കു വിധേയനാണ്. മനുഷ്യന്റെ വീഴ്ച്ചയിലൂടെ സൃഷ്ടി മുഴുവൻ ദ്രവത്വത്തിനു വിധേയമായി. മനുഷ്യവർഗ്ഗത്തിന്റെ അന്തിമ വീണ്ടെടുപ്പിനു ശേഷമാണ് സൃഷ്ടി ദ്രവത്വത്തിൽ നിന്നു മുക്തമാകുന്നത്. ഈ മോചനത്തിനുവേണ്ടി സൃഷ്ടി വേദനയോടെ കാത്തിരിക്കുന്നു(റോമ 8:1923). മനുഷ്യന്റെ വീണ്ടെടുപ്പിൽ പ്രപഞ്ചം ഒന്നാകെ ആഹ്ളാദിക്കുകയും തുള്ളിച്ചാടുകയും ചെയ്യുന്നു. സകല സൃഷ്ടികളും ഈ ആഹ്ളാദത്തിൽ പങ്കുചേരുന്നു(സങ്കീ.96:10 13; യെശ, 35; 55:1213). മനുഷ്യന്റെ വീണ്ടെടുപ്പോടുകൂടിയാണ് അവയും വീണ്ടെടുപ്പിന്റെ ആനന്ദം അനുഭവിക്കുന്നത്(യെശ .11:69; 65:25).

## മനുഷ്യവർഗ്ഗത്തിന്റെ ഏകത്വം

മനുഷ്യവർഗ്ഗം മുഴുവൻ ആദാമിൽ നിന്നാണുത്ഭവിച്ചതണ്(ഉല്പ.27; 2:7,22; 3:20; 9:19). പൗലൊസ് അപ്പൊസ്തലൻ അരയോപഗക്കുന്നിൽ വെച്ച് ഈ സത്യം വ്യക്തമാക്കി. "ഭൂതലത്തിൽ എങ്ങും കുടിയിരിപ്പാൻ അവൻ ഒരുത്തനിൽ നിന്നു മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി"(അപ്പൊ.16:27). മനുഷ്യർ എല്ലാം ഒരേ പിതാവിന്റെ മക്കളാകയാൽ അവരുടെ പ്രകൃതിയിൽ ഏകത്വം ദൃശ്യമാണു. ഈ ജൈവശാസ്ത്രപരമായ ഏകത്വം ഏകമനുഷ്യന്റെ ലംഘനത്തിലൂടെ എല്ലാ മനുഷ്യരും പാപികളായിത്തീരുവാൻ കാരണമായി. ഏകനായ ക്രിസ്തുവിലൂടെ സർവ്വ മനുഷ്യർക്കും രക്ഷാമാർഗ്ഗം ഒരുക്കപ്പെടുവാൻ അടിസ്ഥാനമായത് മനുഷ്യവർഗ്ഗത്തിന്റെ ഏകത്വമാണ്(റോമ . 5:12,19; 1കൊരി .15:21). മനുഷ്യന് സഹജീവിയോട് ഉത്തരവാദിത്വം ഉണ്ടാകുവാൻ കാരണവുമതാണ്(ഉല, 4:39). ജനവർഗ്ഗങ്ങളുടെയും സംസ്കാരങ്ങളുടെയും ചരിത്രം മനുഷ്യവർഗ്ഗത്തിന്റെ ഏകത്വം വ്യക്തമാക്കുന്നു. ഭാഷകളുടെ പ്രാഭവസ്ഥാനവും ഒന്നാണെന്ന സത്യം പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. നോഹയുടെ പുത്രന്മാരിൽ നിന്നാണ് സെമിറ്റിക്, ഹമിറ്റിക് ഭാഷാഗോത്രങ്ങൾക്കു പേര് ലഭിച്ചത്. ബാബേൽ ഗോപുരവുമായി ബന്ധപ്പെട്ടുള്ള ഭാഷാ വൈവിദ്ധ്യത്തിന്റെ വിവരണവും(ഉല്പ .11) ശ്രദ്ധേയമാണ്. ശരീരശാസ്ത്രവും മനശ്ശാസ്ത്രവും മനുഷ്യവർഗ്ഗത്തിന്റെ ഏകത്വത്തെ തെളിയിക്കുന്നു. ഒരു വർഗ്ഗത്തിലുള്ള വ്യക്തികളുടെ രക്തം മറ്റു വർഗ്ഗത്തിലുള്ള വ്യക്തികൾക്കു നല്കാം; അവയവങ്ങൾ പരസ്പരം മാറ്റി വയ്ക്കാം. ശരീരോഷ്മാവും, നാഡിയുടെ സ്പന്ദനക്രമവും എല്ലാവർഗ്ഗങ്ങൾക്കും ഏതാണ്ടൊന്നുപോലെ തന്നെയാണ് മിശ്രവിവാഹങ്ങളിലൂടെ സന്തതികൾ ജനിക്കുന്നു. സമാനമായ രോഗങ്ങൾ എല്ലാ വർഗ്ഗത്തിലുമുള്ളവരെ പിടികൂടുന്നു. മാനസിക പ്രകൃതിയിലും വർഗ്ഗങ്ങൾക്കു തമ്മിൽ വലിയ അന്തരമൊന്നുമില്ല. ആർത്തികളും അഭിലാഷങ്ങളും ചോദനകളും വാസനകളും വികാരങ്ങളും സംവേദനങ്ങളും മനുഷ്യർക്കെല്ലാം ഒന്നുപോലെയാണ്. വർഗ്ഗങ്ങളുടെ ഉച്ചനീചഭാവങ്ങളെക്കുറിച്ചുള്ള അവകാശവാദങ്ങൾ വിജ്ഞന്മാരും വിവേകികളും ഇന്നു അംഗീകരിക്കുന്നില്ല. വർഗ്ഗമേന്മയെക്കുറിച്ചുള്ള വാദഗതികൾ അസംബന്ധമാണ്. സാഹചര്യവും ചുറ്റുപാടുകളും അനുകൂലമായാൽ എല്ലാ വർഗ്ഗങ്ങളും ഒന്നുപോലെ വളർച്ചയും വികാസവും പ്രാപിക്കും.

## മനുഷ്യസൃഷ്ടിയുടെ ഉദ്ദേശ്യം

ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും ദൈവമഹത്വം ഘോഷിക്കുന്നതിനും മാത്രമല്ല ദൈവമഹത്വം സൃഷ്ടിയിലൂടെ വെളിപ്പെടുത്തുകയെന്ന ഉദ്ദേശവും ദൈവത്തിനുണ്ടായിരുന്നു. "ദൂരത്തുനിന്നു എന്റെ പുത്രന്മാരെയും ഭൂമിയുടെ അറ്റത്തുനിന്നു എന്റെ പുത്രിമാരെയും എന്റെ നാമത്തിൽ വിളിച്ചും എന്റെ മഹത്വത്തിന്നായി സൃഷ്ടിച്ചു നിർമ്മിച്ചു ഉണ്ടാക്കിയും ഇരിക്കുന്ന ഏവരെയും കൊണ്ടുവരിക എന്നു ഞാൻ കല്പ്പിക്കും"(യെശ .43:7). തിന്നാലും കുടിച്ചാലും എന്തു ചെയ്താലും ദൈവമഹത്വത്തിനായി ചെയ്യേണ്ടതാണ്(1കൊരി.10:31). ദൈവത്തിനു നാം മാന്യരും വിലയുള്ളവരുമാണ്. ദൈവത്തിൽ ആനന്ദിക്കുകയും ദൈവത്തോടു കൂട്ടായ്മ പുലർത്തുകയും ചെയ്യുന്നത് മനുഷ്യജീവിതത്തിന് ലക്ഷ്യബോധം നല്കും(സങ്കീ. 16:11; 27:4). മനുഷ്യൻ ദൈവത്തിൽ സന്തോഷിക്കുന്നതു പോലെ ദൈവം മനുഷ്യനിലും സന്തോഷിക്കുന്നു.

sV

ആരോഗ്യരംഗം

# മനുഷ്യ ഹൃദയം

ശരീരത്തിലെ എല്ലാ ഭാഗങ്ങളിലേക്കും രക്തം ശുദ്ധീകരിച്ച് പമ്പ് ചെയ്യുകയാണ് ഹൃദയത്തിന്റെ പ്രധാന ധർമ്മം. ഓരോ മിനിറ്റിലും പുരുഷന്മാർക്ക് 70-72 തവണയും സ്ത്രീകൾക്ക് 78-82 തവണയും സ്പന്ദിക്കുന്നു. കുഞ്ഞുങ്ങളിൽ ഹൃദയം ഏകദേശം 130 പ്രാവശ്യവും സ്പന്ദിക്കുന്നുണ്ട്. ഓരോ സ്പന്ദനത്തിലും 72 മില്ലീലിറ്റർ രക്തം പമ്പുചെയ്യുന്നു. അതായത് 1 മിനിറ്റിൽ ഏകദേശം 5 ലിറ്റർ. ശരാശരി 9800 ലിറ്റർ മുതൽ 12600 ലിറ്റർ വരെ രക്തം ഓരോ ദിവസവും ഹൃദയം പമ്പ് ചെയ്യുന്നു.

**ഘടന**

മാംസ പേശികൾ കൊണ്ടുണ്ടാക്കിയ ഹൃദയത്തിന് അവരവരുടെ മുഷ്ടിയോളം വലിപ്പവും, ഏകദേശം 250ഗ്രാം മുതൽ 300ഗ്രാം വരെ തൂക്കവുമുണ്ട്. നെഞ്ചിന്റെ മദ്ധ്യഭാഗത്തുനിന്നും അല്പം ഇടത്തേക്ക് മാറിയാണ് ഹൃദയം സ്ഥിതി ചെയ്യുന്നത്. മുൻവശത്ത് നെഞ്ചെല്ല്, വാരിയെല്ല് എന്നിവയാലും പിറകിൽ നട്ടെല്ല് വാരിയെല്ല് എന്നിവയാലും കൊണ്ടുള്ള ഒരു പ്രത്യേക അറയാൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

**പ്രധാന ഭാഗങ്ങൾ**

ഹൃദയപേശിയുടെ പുറത്തെ ആവരണത്തെ 'എപ്പിക്കാർഡിയം' എന്ന് പറയുന്നു. അതിനുള്ളിലെ സഞ്ചിയെ 'പെരികാർഡിയം' എന്നും അതിനുള്ളിലെ മാംസപേശിയെ 'മയോകാർഡിയം' എന്നും പറയുന്നു. ഏറ്റവും ഉള്ളിലെ പാളിയെ 'എൻഡൊകാർഡിയം' എന്ന് അറിയപ്പെടുന്നു. മനുഷ്യ ഹൃദയത്തിന് നാലു അറകളാണുള്ളത്. ഇവയിലെ മുകൾഭാഗത്തെ രണ്ട് അറകളെ ഏട്രിയ അല്ലെങ്കിൽ ഓറിക്കിളുകൾ (auricles)എന്നും കീഴ്ഭാഗത്തു സ്ഥിതി ചെയ്യുന്ന അറകളെ വെന്ട്രിക്കിളുകള് (ventricles)എന്നും വിളിക്കുന്നു.

**വാൽവുകൾ**

നാലുവാൽവുകളാണു മനുഷ്യ ഹൃദയത്തിലുള്ളത്. ഹൃദയത്തിൽ രക്തത്തിന്റെ ഒരു ദിശയിലേക്ക് മാത്രമുള്ള സഞ്ചാരം ഏകമുഖങ്ങളായ വാൽവുകളെ ആശ്രയിച്ചാണു നടക്കുന്നത്. വലത്തെ ഏട്രിയവും വെൻട്രിക്കിളും തമ്മിൽ ബന്ധിപ്പിക്കുന്ന കവാടത്തിലെ വാൽവിനെ 'ട്രൈകസ്പിഡ് വാൽവ്' എന്നാണു വിളിക്കുന്നത്. ഇതിനു മൂന്ന് ഇതളുകളുണ്ട്. ഇടത്തെ ഏട്രിയവും വെൻട്രിക്കിളും തമ്മിൽ ബന്ധിപ്പിക്കുന്ന കവാടത്തിലെ വാൽവിനെ 'മൈട്രൽ വാൽവ്' എന്നു വിളിക്കുന്നു. ഇതിന്നു രണ്ടിതളുകളാണുള്ളത്. വലത്തെ വെൻട്രിക്കിൾ: പൾമൊണറി ആർട്ടറിയിലേക്കു തുറക്കുന്ന കവാടത്തിലെ വാൽവിനെ 'പൾമൊണറി വാൽവ്' എന്നു വിളിക്കുന്നു. ഇടത്തെ വെൻട്രിക്കിൾ: അയോർട്ടയിലേക്കു തുറക്കുന്ന കവാടത്തിലെ വാൽവാണു 'അയോർട്ടിക് വാൽവ്'. അർദ്ധചന്ദ്രാകൃതിയിലുള്ള ഈ രണ്ട് വാൾവുകൾക്കും മൂന്ന് ഇതളുകളാണുള്ളത്.

**ധമനികളും സിരകളും**

ശുദ്ധ രക്തം ഹൃദയത്തിൽ നിന്നും പുറത്തേക്ക് വഹിക്കുന്ന രക്തക്കുഴലുകളെ ധമനികൾ അഥവാ ആർട്ടറികൾ എന്നും ശരീരഭാഗങ്ങളിൽ നിന്നും ഹൃദയത്തിലേക്ക് രക്തം കൊണ്ടുവരുന്ന രക്തക്കുഴലുകളെ സിരകൾ അഥവാ വെയിനുകൾ എന്നും പറയുന്നു.

**പ്രവർത്തനം**

ഹൃദയത്തിന്റെ അറകൾ വികസിക്കുകയും ചുരുങ്ങുകയും ചെയ്യുന്നതിന്റെ ഫലമായി ഉണ്ടാകുന്നതാണ് ഹൃദയസ്പന്ദനം. വൈദ്യുത തരംഗങ്ങൾ വലത്തേ എട്രിയത്തിന് മുകൾഭാഗത്ത് ഊർദ്ധ്വമഹാസിര ചേരുന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന 'സൈനസ് നോഡ്' എന്ന മുഴ ഉത്പാദിപ്പിക്കുന്ന വൈദ്യുത തരംഗങ്ങളാണ് ഇത് സാധ്യമാക്കുന്നത്. ഇതിനെ പേസ് മേക്കർ എന്ന് പറയുന്നു. ശരീരം മുഴുവൻ കറങ്ങി വരുന്ന രക്തം ആദ്യം വരുന്നത് ഹൃദയത്തിലെ വലത് എട്രിയത്തിലാണ്.

**ഇ.സി.ജി**

ഹൃദയമിടിപ്പിന്റെ തോതിലും താളത്തിലുമുള്ള പിഴവ് കണ്ടു പിടിക്കാൻ ഉപയോഗിക്കുന്ന ഉപകരണമാണ് ഇ.സി.ജി..എന്ന ഇലക്ട്രോകാർഡിയോ ഗ്രാഫ്.ഡച്ചുകാരനായ വില്യം ഐന്തോവനനാണ് ഇതു കണ്ടുപിടിച്ചത്.

**ഹൃദയാഘാതം**

ഹൃദയപേശിയുടെ സഹായത്താലാണ് ഹൃദയത്തിന്റെ താളാത്മകമായ പ്രവർത്തനം സംജാതമാകുന്നത്. ചില പ്രത്യേക പേശികൾ ഹൃദയം നിരന്തരമായി ഒരു പ്രത്യേക കണക്കനുസരിച്ച് പ്രവർത്തിക്കുന്നതിലേയ്ക്കായി ആവേഗങ്ങളെ സൃഷ്ടിക്കുന്നതിനും പ്രവാഹത്തിനും സഹായിക്കുന്നു. സൈനോ ഏട്രിയൽനോഡ് ആണു ഹൃദയത്തിന്റെ പേസ് മേക്കർ. ഇവിടെ നിന്ന് മിനിറ്റിൽ 70 തവണ ആവേഗങ്ങൾ ഉൽപ്പാദിക്കപ്പെടുന്നു. ഈ പ്രവർത്തനം ഏട്രിയൽ പേശികൾ വഴി ഏട്രിയോ വെൻട്രിക്കുലർ നോഡിലും തുടർന്ന് ഹിസ്ബണ്ഡിൽ എന്നു വിളിക്കുന്ന രണ്ടു ശാഖകളുള്ള പേശീവ്യൂഹം വഴി വെൻട്രിക്കിലും എത്തുന്നു. ഇതിലെ ആവേഗങ്ങളുടെ സ്വാഭാവികമായി ഉൽപ്പാദിപ്പിക്കുന്ന ഹൃദയപേശികൾക്കുണ്ടാവുന്ന തകരാറുകളാണു നെഞ്ചിടിപ്പായും ഹൃദയസ്തംഭനമായും പ്രകടമാകുന്നത്. നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹൃദയത്തിനും രക്തം ആവശ്യമാണു. ഇടത്തും വലത്തുമായ രണ്ടു കൊറൊണറി ധമനികൾ മുഖേനയാണു ഹൃദയപേശികൾക്ക് രക്തമെത്തിക്കുന്നത്. ഇവയിലുണ്ടാകുന്ന തടസ്സങ്ങളാണു. ഹൃദയാഘാതത്തിന്നും(മയോകാർഡിയൽ ഇൻഫാർക്ഷൻ) ഹൃദ്രോഗനെഞ്ചുവേദനയ്ക്കും (അൻജൈന പെക്ടൊറിസ്) കാരണമാകുന്നത്.

sV

# നരകം

ശാശ്വതമായ രണ്ട് സ്ഥലങ്ങൾ മാത്രമേയുള്ളു രക്ഷിക്കപ്പെട്ടവരുടെ അനുഗ്രഹീതമായ വാസസ്ഥലവും നഷ്ടപ്പെട്ടവരുടെ ജ്വലിക്കുന്ന അഗാധവും. ബൈബിൾ പറുദീസയെക്കുറിച്ചും നരകത്തിന്റെ കുഴിയെക്കുറിച്ചും മഹത്തായ വെളിച്ചത്തെക്കുറിച്ചും അന്ധകാരത്തെക്കുറിച്ചും സംസാരിക്കുന്നു.

**രണ്ട് സ്ഥലങ്ങൾ മാത്രമേയുള്ളൂ**

ന്യായവിധി ദിനത്തിൽ, 'നന്മ ചെയ്തവർ, ജീവന്റെ പുനരുത്ഥാനത്തിലേക്ക്; തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ പുനരുത്ഥാനത്തിലേക്കും പോകൂ'(യോഹന്നാൻ.5:29).

**നരകത്തിന്റെ ഒരു ചരിത്ര പശ്ചത്തലം**

ജറുസലേമിന് തെക്ക് കുറച്ച് ദൂരം, ഭൂപ്രകൃതിക്ക് കുറുകെ അഗാധമായ ഒരു മലയിടുക്ക് കടന്നുപോകുന്നു. ആഹാസിന്റെയും മനശ്ശെയുടെയും ഭരണകാലത്ത് ഈ താഴ്വര അചിന്തനീയമായ ദുഷ്ട ആരാധനയുടെ സ്ഥലമായി ഉപയോഗിച്ചിരുന്നു. ഇവിടെ മോലേക്കിന്റെ അനുയായികൾ അവരുടെ കുട്ടികളെ ഒരു വലിയ പിച്ചള വിഗ്രഹത്തിന്റെ ചുവന്ന ചൂടുള്ള കൈകളിലേക്ക് ഇടുന്നു. പിഞ്ചുകുഞ്ഞുങ്ങൾ വെന്തു മരിക്കുമ്പോൾ നിലവിളി കേൾക്കാതിരിക്കാൻ അവർ പാടി നൃത്തം ചെയ്തിരുന്നു. എബ്രായർ ഈ സ്ഥലത്തെ ഹിന്നോം താഴ്വര എന്നാണ് വിളിച്ചിരുന്നത്. ഗ്രീക്കിൽ, ഈപ്രദേശത്തിന്റെ പേര് ഗെഹെന്ന എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്.

ക്രിസ്തുവിന്റെ ജീവിതകാലത്ത്, യഹൂദർ തങ്ങളുടെ മാലിന്യങ്ങൾ തള്ളാനുള്ള ഒരു സ്ഥലമായി താഴ്വരയെ ഉപയോഗിച്ചിരുന്നു. അതിൽ ചത്ത ശവങ്ങളും പുറത്താക്കപ്പെട്ടവരുടെയും കുറ്റവാളികളുടെയും ശവശരീരങ്ങളും ഇട്ടിരുന്നു. വായു മലിനമായിരുന്നു. രാവും പകലും തീ ആളിപ്പടർന്നുക്കൊണ്ടിരുന്നു. പുകആകാശത്ത് ഉയർന്നുക്കൊണ്ടിരുന്നു. ഹിന്നോം താഴ്വര നരകത്തിന് വ്യക്തമായ ഉദാഹരണം നൽകുന്നു. 'അപ്പോൾ അവൻ ഇടതുവശത്തുള്ളവരോടും പറയും: ശപിക്കപ്പെട്ടവരേ, എന്നെ വിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കും വേണ്ടി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിൻ'(മത്തായി 25:41).

**നരകം എങ്ങനെയിരിക്കും?**

അതിന്റെ ഭീകരത മനസ്സിലാക്കാൻ തിരുവെഴുത്ത് ചില താരതമ്യങ്ങൾ നമുക്ക് നൽകുന്നു: വിഴുങ്ങുന്ന തീ, അണയാത്ത തീ, പുറത്തെ ഇരുട്ട്, ശാശ്വതമായ ശിക്ഷ, പീഡനം, അഗ്നി തടാകം. നരക തീയുടെ വസ്തുത നമുക്ക് അവഗണിക്കാൻ കഴിയില്ല. കരച്ചിലും പല്ലുകടിയും നരകത്തിന്റെ മറ്റൊരു പ്രത്യേകതയാണ്.

ന്യായവിധി ദിനത്തിൽ രക്ഷിക്കപ്പെടാത്തവർ 'ശിക്ഷവിധിക്കായ് വേദന അനുഭവിക്കാൻ കഴിയുന്ന ശരീരത്തോടെ ഉയർത്തെഴുന്നേൽക്കും (യോഹന്നാൻ 5:29). അവിടെ മരണമില്ല, നിരന്തരം വേദന അനുഭവിക്കും.

**നരകം സ്മരണയുടെ സ്ഥലമായിരിക്കും.**

ധനികന്റെയും ലാസറിന്റെയും വിവരണത്തിൽ (ലൂക്കോസ്.16:19-31), ധനികന്റെ കണ്ണുകൾ നരകത്തിൽ തുറന്നു. രക്ഷയ്ക്കുള്ള അവസരങ്ങൾ പാഴാക്കിയതിന്റെ ഓർമ്മകൾ അവിടെ ഓർക്കും! പശ്ചാത്താപത്തിന്റെ കയ്പേറിയ നിലവിളി ഉയർന്നുവരും.

**നരകം കുറ്റബോധത്തിന്റെയും ലജ്ജയുടെയും സ്ഥലമായിരിക്കും.**

പ്രവാചകനായ ദാനിയേൽ എഴുതി, 'ഭൂമിയിലെ പൊടിയിൽ ഉറങ്ങുന്നവരിൽ പലരും ഉണരും, ചിലർ നിത്യജീവനും ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കും വേണ്ടി'(ദാനിയേൽ.12:2). ന്യായവിധി ദിനത്തിൽ സിംഹാസനത്തിൽ നിന്ന് ശാശ്വത വിധി മുഴങ്ങുമ്പോൾ, അവരെ കത്തുന്ന കടലിലേക്ക് വലിച്ചിടും.

**നരകം വിശ്രമമില്ലാത്ത സ്ഥലമായിരിക്കും.**

'അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും ഉയരുന്നു; അവർക്ക് രാവും പകലും വിശ്രമമില്ല'(വെളിപ്പാട്.14:11). നരകത്തിൽ ആശ്വാസം ഉണ്ടാകില്ല. ആശ്വാസത്തിനായി നിലവിളിക്കും, പക്ഷേ കണ്ടെത്തുകയില്ല. പല്ല് കടിക്കും, ഒരു നിമിഷത്തെ ആശ്വാസത്തിനായി അനന്തമായി തിരയും, പക്ഷേ കണ്ടെത്തുകയില്ല(മത്തായി.22:13).

**നരകം തീർത്തും നിരാശയുടെ സ്ഥലമായിരിക്കും.**

അവിടെ പ്രവേശിക്കുന്നവർക്ക് പ്രതീക്ഷയുടെ കിരണങ്ങളൊന്നുമില്ല. ഒരിക്കലും രക്ഷപ്പെടനുള്ള സാധ്യതയുമില്ലെന്ന് അറിയുമ്പോൾ ഉണ്ടാകുന്ന നിരാശ അവരെ തകർത്തുകളയും. നാശ പൂർണരാകും.

**നരകത്തിൽ കരുണയോ സ്നേഹമോ ദയയോ കൃപയോ ഉണ്ടാകില്ല.**

വിദ്വേഷം വാഴും. തീവ്രമായ പശ്ചാത്താപവും ദു:ഖവും യാചനയും ഉണ്ടാകും എന്നാൽ ഒരു പ്രയോജനവുമുണ്ടകില്ല. ആരും കേൾക്കില്ല; ആരും ശ്രദ്ധിക്കില്ല.

**നരകം അന്ധകാരം നിറഞ്ഞ സ്ഥലമായിരിക്കും.**

ബൈബിളിൽ അതിനെ 'അന്ധതമസ'(യൂദ.13) എന്ന് വിളിക്കുന്നു. ഇരുട്ടിനൊപ്പം ഭയവും തിന്മയും പിശാചും ഭൂതങ്ങളും മരണവും കൂടിചേരുന്നു. പീഡകളും കരച്ചിലും തുടരും,

ദൈവമക്കൾക്ക് വേണ്ടില്ല നരകം ഒരുക്കപ്പെട്ടിരിക്കുന്നത്, അത് പിശാചിനും അവന്റെ ദൂതന്മാർക്കും വേണ്ടിയാണ്.

**പ്രീയ സ്നേഹിത, ഇന്നു തന്നേ തീരുമാനിക്കൂ!**

"എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ അറെക്കപ്പെട്ടവർ കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ: അതു "രണ്ടാമത്തെ മരണം"(വെളിപാട് 21:8). അവിടുന്ന് "ആരും നശിച്ചുപോകാൻ ആഗ്രഹിക്കുന്നില്ല, എന്നാൽ എല്ലാവരും മാനസാന്തരപ്പെടാൻ ആഗ്രഹിക്കുന്നു"(2പത്രോസ്.3:9). അവിടുന്ന് നമ്മെ സ്നേഹിക്കുന്നതിനാൽ നമ്മെ രക്ഷിക്കാൻ അഗ്രഹിക്കുന്നു.

**രക്ഷപ്പെടാനുള്ള വഴി!**

നരകത്തിന്റെ ഭീകരതയിൽ നിന്ന് രക്ഷപ്പെടാൻ യേശു ഒരു വഴി ഉണ്ടാക്കി. അവിടുന്ന് ഭൂമിയിൽ വന്ന് നമ്മുടെ പാപങ്ങൾക്ക് പരിഹാരം വരുത്തുവാൻ ക്രൂശിൽ മരിച്ചു. നാം അവനിൽ വിശ്വസിക്കുകയും നമ്മുടെ പാപങ്ങളെക്കുറിച്ച് അനുതപിക്കുകയും ചെയ്താൽ നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടും. "എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുക്കലും തള്ളിക്കകയില്ല"(യോഹന്നാൻ.6:37). ഇന്ന് തന്നേ യേശുവിന്റെ അടുക്കൽ വരൂ!

**യേശുവിനെ നിങ്ങളുടെ ഹൃദയത്തിൽ സ്വീകരിച്ച് ഇപ്രകാരം പ്രാർത്ഥിക്കുക:**

യേശുവേ, അവിടുന്ന് ദൈവപുത്രനാണെന്ന് ഞാൻ വിശ്വസിക്കുന്നു, പാപത്തിൽ നിന്നും മരണത്തിൽ നിന്നും എന്നെ വിടുവിക്കാൻ അവിടുന്ന് കുരിശിൽ മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ പാപവഴികളിൽനിന്നും പിന്മാറി മാനസന്തരപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ എന്നെ നിനക്കായി സമർപ്പിക്കുന്നു. ഞാൻ അവിടെത്തെ എന്റെ രക്ഷകനും നാഥനുമായി എന്റെ ജീവിതത്തിൽ സ്വീകരിക്കുന്നു. എന്റെ ഹൃദയത്തിൽ വാസിക്കേണമേ, അവിടെത്തെ സ്നേഹത്താൽ നിറയ്ക്കേണമേ, അവിടെത്തെ യഥാർത്ഥത്തമായി സ്നേഹിക്കുന്ന ഒരു വ്യക്തിയാകാൻ എന്നെ സഹായിണമേ, ആമേൻ.

Edited, Printed, Published & Owned by Shinedas Kandanthitta;Printed at South India Press, Marthandam, Published from Kattalapparayil, Kudayal P O, Vellarada, TVM-695505, Mob:9995927502, Email:southernvoice2023@gmail.com